KERALA PRIVATE

# COLLEGE TEACHER







AKPCTA

1994


OCTOBER

# AKPCTA പ്രവർത്തക ക്യാമ്പ് – ആലുവ



ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

കവർ: കിളിമാനൂർ ഷാജി



പ്രവർത്തക ക്യാമ്പ്: പ്രസിഡന്റ്
പ്രൊഫ. എൽ.ജി. വർഗ്ഗീസ് പതാക ഉയർത്തുന്നു.


**KERALA PRIVATE COLLEGE TEACHER**

ഒക്ടോബർ 1994 No. 122

പത്രാധിപ സമിതി

എഡിറ്റർ : വി.എൻ. മുരളി

മാനേജിംഗ് എഡിറ്റർ : എ. പ്രതാപചന്ദ്രൻനായർ

അംഗങ്ങൾ:

എൽ.ജി വർഗ്ഗീസ്, കെ. സദാശിവൻനായർ,
പി.ജി. ചന്ദ്രശേഖരൻനായർ, സി.ജെ. ശിവശങ്കരൻ,
ജെ. ചന്ദ്ര, ടി.എൻ. മനോഹരൻ,
വി. രാജേന്ദ്രൻ നായർ, ജോണി.കെ. ജോൺ,
കെ.സി. കുട്ടപ്പൻനായർ


## അദ്ധ്യാപക താൽപര്യം സംരക്ഷിക്കാൻ വോട്ടു ചെയ്യുക.

അസാധരണമായ ഒരു തെരഞ്ഞെടുപ്പാണ് കേരളാ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ഇപ്പോൾ നടക്കുന്നത്. ഒരിക്കൽ നടന്നതാണിത്. സർവ്വകലാശാലാ ജനാധിപത്യം പിച്ചിച്ചീന്താൻ പിടിവാശി പിടിച്ചു നിൽക്കുന്നവർക്കെതിരെ എ.കെ.പി.സി.ടി.എ നടത്തിയ പോരാട്ടത്തിന്റെ ഫലംകൊണ്ടുകൂടിയാണ് വീണ്ടും ഈ തെരഞ്ഞെടുപ്പ് വന്നത്. യൂണിവേഴ്സിറ്റി ജനാധിപത്യം നിലനിൽക്കണമോ എന്നതാണ് ഈ തെരഞ്ഞെടുപ്പിലെ മുഖ്യ പ്രശ്നം.

കേരളാ യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ എന്താണ് നടക്കുന്നത്? ഒന്നാം വർഷ പ്രീഡിഗ്രിയുടെ സിലബസ്സും പരീക്ഷയും ആരോടുമാലോചിക്കാതെ അശാസ്ത്രീമായി മാറ്റിമറിച്ചിരിക്കുകയാണ്. കോളേജുകളിൽ അദ്ധ്യാപകരെ പരീക്ഷ നടത്തുന്ന യന്ത്രമാക്കാനാണ് നീക്കം. ഇനി അദ്ധാപകർക്ക് വെക്കേഷനുമില്ല. നിരന്തരമായ പരീക്ഷകൾമാത്രം. ചില സംഘടനകൾ ഇതിന് കൂട്ടു നിൽക്കുകയാണ്. ഇതിനുമാത്രമല്ല, കുറച്ചു മുൻപ് സിൻഡിക്കേറ്റിൽ അദ്ധ്യാപകരുടെ സ്ഥലം മാറ്റ നിയമം പാസ്സാക്കാൻ വോട്ടിനിട്ടപ്പോൾ ഒരു സംഘടനാ നേതാവ് അതിനെ എതിർത്ത് വോട്ടു ചെയ്തു. ഒരൊറ്റ വോട്ടിന്റെ വ്യത്യാസത്തിൽ നിയമം പരാജയപ്പെട്ടു. അതുമൂലം സ്ഥലം മാറ്റത്തിന്റെ ദുരിതം പേറി അദ്ധ്യാപകർ ഇപ്പോഴും അലയുന്നു. അൺ എയിഡഡ് കോളേജുകൾ തുടങ്ങുന്നതുവഴി നിലവിലുള്ള അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതി സൃഷ്ടിക്കാനും ഈ സംഘടനകൾ ഒത്താശ ചെയ്തു കൊടുക്കുന്നു. ഇവരാണ് വോട്ടു ചോദിച്ചിറങ്ങുന്നതെന്ന് ഓർക്കുക.

ഈ തെരഞ്ഞെടുപ്പ് പരമ പ്രധാനമാണ്. യൂണിവേഴ്സിറ്റി ജനാധിപത്യം തകർക്കാതിരിക്കാൻ, അദ്ധ്യാപകരെ ചിലരുടെ കളിപ്പാവകളാക്കാതിരിക്കാൻ, നിതാന്ത ജാഗ്രത പുലർത്തുന്നതും, പോരാടുന്നതും, എ.കെ. പി.സി.ടി.എ മാത്രമാണ്. അതിനാലാണ് കഴിഞ്ഞ തവണ പതിനാറു സീറ്റിൽ ഒമ്പതിലും എ.കെ.പി.സി.ടി.എ. വിജയിച്ചത്. ഇത്തവണ അതിലും കൂടുതൽ പ്രതിനിധികൾ നമുക്കുണ്ടാകണം. അദ്ധ്യാപകർക്കുവേണ്ടി നിലകൊള്ളാൻ എ.കെ.പി.സി.ടി.എ മാത്രമേയുള്ളൂ. ഈ സത്യം തിരിച്ചറിഞ്ഞ് വോട്ടു ചെയ്യുക. □

# കേരളാ യൂണി: സെനറ്റ് തെരഞ്ഞെടുപ്പ്

# AKPCTA സ്ഥാനാർത്ഥികൾ



E.Abdul Rahim,
TKM Arts & Science,
Kollam




Smt.J.Chandra,
NSS College for
Women, Neeramankara
(Karamana)




P.A.Gabrial
F.M.N.College,
Kollam




T.K.Gopalakrishnan
Nair,
NSS College,
Pandalam.



C.K.Gopı,
D.B.College,
Sasthamcottah.



P.Haridasan,
S.N. College,
Kollam.



M.K.Tohh,
Christian College,
Chenganur



John Mathew,
St.Gregorios College
Kottarakara



R.Mohanakumar
SN College, Varkala




C.V.Natarajan
TKMM College,
Nangiarkulangara.




T.N.Raman Pillai,
VTM NSS College,
Dhanuvachapuram

---



Dr.G.Ravindran
SN College,
Chempazhanthy



P.Ravindranathan Nair
S.D.College,
Alapuzha.

---



P.Reghunathan
MSM College,
Kayamkulam.



A.Sirajudeenkutty
TKM College,of
Eng.,Kollam.



കോഴിക്കോട് യൂണിവേഴ്സിറ്റിക്കു മുന്നിലേക്ക് നടന്ന മാർച്ച്




യൂണിവേഴ്സിറ്റിക്കു മുന്നിലെ ധർണ്ണ എ.കെ.പി.സി.ടി.എ മുൻ പ്രസിഡന്റ് പ്രൊഫ. വി. നാരായണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

ഗാന്ധിജിയുടെ 125-ാം ജന്മ വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഒരിക്കൽകൂടി എൻ. വി. യുടെ കവിത നമുക്കു വായിക്കാം

# മോഹൻദാസ്ഗാന്ധിയും നാഥുറാം ഗോഡ്സേയും

## എൻ. വി. കൃഷ്ണവാര്യർ

അരി വാങ്ങുവാൻ ക്യൂവിൽത്തിക്കിനില്ക്കുന്നൂ ഗാന്ധി;
അരികേ കൂററൻ കാറിലേറി നീങ്ങുന്നു ഗോഡ്സേ.

ചാക്കിനമ്പതു രൂപ ലാഭത്തിൽ,തൻ കൈയിലേ
സ്റേറാക്കൊഴിക്കയാൽ, ലോകം സുന്ദരമെന്നായ് നണ്ണി,

മദ്യവും ചീട്ടാട്ടവും മൈത്രിയുമേകും ക്ളബ്ബിൽ
എത്തുവാൻ വെമ്പിപ്പോകും വ്യാപാരിമാന്യൻ ഗോഡ്സേ

അന്തിക്കുകുടിലിലെന്തെങ്ങനെ,യെത്തിക്കുമെ-
ന്നന്തിച്ചുനില്ക്കും വൃദ്ധൻ ഗാന്ധിയെക്കണ്ടീടവേ

ഓർത്തുപോയ്: ''ഹാ, കഷ്ടം ! ഈയേഴയെക്കരുതിയോ
കൈത്തോക്കിൽ വിലപ്പെട്ടോരുണ്ടകൾ നിറച്ചു ഞാൻ ?

ഊതിയാൽപ്പറക്കുമീ നിഴലിൻ പിന്നാലെയോ
ചൂതാടിത്തിമർക്കേണ്ടും സന്ധ്യയിൽപ്പതുങ്ങീ ഞാൻ?''

ക്യൂവിൽ നില്ക്കവേ, കാറിൽ ഗോഡ്സേയെക്കണ്ടോ ഗാന്ധി?
നാവിൽനിന്നെന്തേ ''ഹാ, രാം ! '' ക്രന്ദനമുയർന്നില?

ഇന്നലെസ്സന്ധ്യയ്ക്കു ഞാൻ ഗാന്ധിയെക്കണ്ടേൻ: പാർക്കിൻ
മുന്നിലെ നടപ്പാതക്കോൺക്രീററിൽക്കിടക്കുന്നു!

തൊണ്ടയിൽക്കുരുങ്ങീടും ശ്വാസത്താലെൽക്കുടുയർ-
ന്നാന്തിയും, നീരാൽവീർത്ത കാലുകൾ മടങ്ങിയും

ഒററയ്ക്കു മരിക്കുമപ്പാവത്തെക്കണ്ടെൻകെച്ചോന്നാൻ:
'' പട്ടിണി ! '' വേഗംകൂട്ടി നടന്നേൻ വീടെത്തുവാൻ.

നില്ക്കണം ക്യൂവിൽച്ചെന്നു; (ഭാര്യയ്ക്കു പത്തായ് മാസം!)
വില്ക്കുന്നതിന്നെന്താവോ, ഗോതമ്പോ, കല്ലോ, പുല്ലോ !

ഇന്നു രാവിലെക്കണ്ടേൻ ഗോഡ്സേയെഗാന്ധിക്കടു;-
ത്തുന്നതശിരസ്സിൽ വെൺ തൊപ്പിയും വെൺജുബ്ബയും.

''ചത്ത ഹിന്ദുവിന്നാർഷ സംസ്കാരമേകാൻവേണ്ടി-
യൊത്തതു തരൂ''കെന്നു കൈപ്പാത്ര നീട്ടീ ഗോഡ്സേ.

(അറിവേൻ : വരും തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാ:-
ണതിനാലിപ്പോളുഗ്രം ജനസേവനവ്രതം !)

വെച്ചു ഞാൻ കാൽരൂപയാ നീട്ടിയ കൈപ്പാട്ടയിൽ:
ഉച്ചയ്ക്കു കുടിക്കുവാൻ പൈപ്പിലുണ്ടല്ലോ വെള്ളം.

അന്തിയിൽ പ്രോജക്ട് ഹൗസിൽക്കേറിറങ്ങുന്നൂ ഗോഡ്സേ:
മന്ത്രിയെക്കാണാനെത്തിച്ചേരുന്നൂ പ്രമാണിമാർ:

കമ്പനിത്തലവന്മാർ, കമ്മീഷനേജന്റുമാർ,
കൺട്രാക്ടന്മാരും, കക്ഷിമുഖ്യരും കളക്ടരും.

മദ്യവും ഖാദ്യങ്ങളുമെത്തിച്ചൂ ടൂറിസ്റ്റ്ഹോട്ടൽ!
മുഗ്ദ്ധഹാസ്യയാളെത്തീ സാമൂഹ്യപ്രവർത്തക.

രാത്രിതൻ കുറുമണിക്കൂറുകളരച്ചുകൊ-
ണ്ടെത്രയും ഭാരിച്ചതാം ഭരണചക്രം ചുറ്റീ.

അന്നഗാമിനിയാളുംമന്തിമാതിഥി കാറിൽ-
ച്ചെന്നുകേറുമ്പോ,ളനുയാത്രപോയ്ത്തിരിക്കവേ,

ഗെയ്റ്റടയ്ക്കുവാൻ നില്ക്കും ഗാന്ധിയെപ്പുലർകാല-
വെട്ടത്തിൽത്തിരിച്ചറിഞ്ഞെന്നിരിക്കില്ലാ ഗോഡ്സേ.

എങ്കിലും ദുഃഖാന്ധമാം "ഹാ, രാം" ക്രന്ദനം ഗാന്ധി-
തൻ കരാം തുളച്ചുഗ്രസൂക്ഷ്മമായ് മുഴങ്ങവേ,

തിരിഞ്ഞു, ഞെട്ടി, തന്റെ നിത്യശത്രുവെക്കണ്ടു
തിരിച്ചൂക്ഷണം: പിന്നെ ക്രുദ്ധനായ്ച്ചീറീ ഗോഡ്സേ:

"പണി വേണമോ തനിക്കെങ്കിൽ വായ്മൂടിക്കൊൾക!"
പുലരിക്കുളിരാലോ, വിറകൊള്ളുന്നൂ ഗാന്ധി!

അങ്ങയെ ഞാൻ കൊന്നതിൻ വാർഷികം 'രഘുപതി'-
മംഗളഗീതാർദ്രമായ്പ്പിന്നെയും പുലരവേ,

പരിവാരത്തോടൊപ്പം രാജകീയാഡംബരം
പുലർത്തിയെത്തുന്നു ഞാൻ രാജഘട്ടത്തിൻ മുമ്പിൽ.

ക്യാമറ മിന്നൽക്കണ്ണു തുറക്കെ,യണ്ടെച്ചിതാ-
ഭൂമിയിൽ പുഷ്പചക്രം പ്യൂൺ താങ്ങി ഞാൻ വെയ്ക്കുന്നു.

ഉയരുന്നുവോ "ഹാ, രാം !" ക്രന്ദനം ശിലയിൽനി-
ന്നുതിരും പൂക്കളോ " ഹാ, രാം ! " എന്നല്ലീ വിതുമ്പുന്നു ?

കാറിൽ ഞാൻ തിരിക്കവേ, പാടത്തുപൂട്ടും കൃഷി-
ക്കാരന്റെ ഗാനം " ഹാ, രാം ! ഹാ, രാം [ " എന്നാവാനെന്തേ?

പണിയില്ലാതെ മില്ലിൻ പൂട്ടിയ ഗെയിറ്റിൽത്തിങ്ങും
ജനമെന്താവാം " ഹാ, രാം ! ഹാ, രാം ! " എന്നാക്രോശിപ്പൂ?

ക്യൂവിലിത്തിരിയരിക്കായ്ക്കാത്തുനില്ക്കുന്നോരീ
നാരിമാർ "ഹാ, രാം! ഹാ, രാം !" എന്നല്ലീ മന്ത്രിക്കുന്നു?

കീശയിൽത്തപ്പിക്കൈത്തോക്കെടുത്തു തുറക്കുന്നേൻ:
ആശ്വാസാലയതിൻ നിറത്തോട്ടകളെണ്ണീടുന്നേൻ.

പ്രാർത്ഥനയ്ക്കായന്നു ഞാൻ പോകവേ. മതിഭ്രമം
മൂർത്തിയാർന്നപോ,ലെന്റെ മുമ്പിൽ നീയെത്തീ, വൽസ !

കാൽതൊടാനല്ല, കൈത്തോക്കെടുക്കാൻ കുനിഞ്ഞു നീ:
കാരീയത്തീയുണ്ടപ്പൂ വെൺമാറിൽ ചൊരിഞ്ഞു നീ.

നിന്നിലെയശക്തിയിലാന്ധ്യത്തിലഹന്തയിൽ
ഖിന്നനായ്, ദയാർദ്രനായ് "ഹാ, രാം !" എന്നാക്രന്ദിച്ചേൻ.

ഇന്നു നീ ഞാൻ നേടിയതൊക്കെയും കാപട്യത്താൽ
നിന്നുടേതാക്കി ക്രൂരം വിജയോന്മാദം കൊാകേ,

ആരോടൊന്നിക്കാൻ നീളെത്തപിച്ചേ,നാ ഗ്രാമീണ-
ഭാരതീയരെ ച്ചതച്ചര,ച്ചാക്കളിമണ്ണാൽ

നുണയെ വിവേകമായ്, ദുരയെത്തപസ്യയായ്-
പ്പുണരും നരപിശാചങ്ങളെപ്പടയ്ക്കവേ,

ഇടയിൽദ്ധരാശായിയെൻമെയ്യിലാർഭാടത്തോ-
ടലരിൻ വെള്ളീയത്തീയുണ്ടകളൊഴിക്കവേ,

ക്രോധത്തെജ്ജയിച്ചൊരെന്നാത്മാവിൻ സനാതന-
ക്രോധം "ഹാ, രാം !" എന്നുഗ്ര മുദ്ഗളിക്കുന്നൂ, ദുഷ്ട !

## വാർത്തകൾ

### ഗവർണർ ഇടപെടണം

സർവ്വകലാശാലാനീയമങ്ങൾ പരിരക്ഷിക്കുന്നതിന് കേരളത്തിൽ സർവ്വ കലാശാലാ വൈസ് ചാൻസ്ലർമാർക്ക് അടിയന്തിരമായി നിർദ്ദേശം നൽകണമെന്ന് കോളേജധ്യാപക സംയുക്ത സമരസമിതി നേതാക്കൾ ഗവർ ണറെക്കണ്ട് ആവശ്യപ്പെട്ടു.

നിലവിലുള്ള യൂണിവേഴ്സിററി നിയമങ്ങൾ അനുസരിച്ച് അൺഎയി ഡഡ് കോളേജുകൾ അനുവദിക്കുന്നതിന് സർവ്വകലാശാലകൾക്ക് അധികാ രമില്ല. സർക്കാരിന്റെ സമ്മർദ്ദത്തിന് വഴങ്ങി അൺ എയ്ഡഡ് കോളേ ജുകൾ അനുവദിച്ചാൽ അത് ഉന്നത വിദ്യാഭ്യാസ രംഗത്തിന് വൻ പ്രത്യാ ഘാതം സൃഷ്ടിക്കുമെന്ന് നിവേദനത്തിൽ മുന്നറിയിപ്പു നൽകി.

എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായർ എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ. പി. കെ. മാധവൻനായർ എന്നി വരുടെ നേതൃത്വത്തിലുള്ള നിവേദക സംഘമാണ് ഗവർണറെ കണ്ടത്.

### എ കെ പി സി ടി എ അക്കാദമിക് കൗൺസിൽ

ഒക്ടോബർ 2ന് എറണാകുളത്തു ചേർന്ന അക്കാദമിക് കൗൺസിൽ യോഗം പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ തീരുമാനിച്ചു.

# എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

പ്രൊഫ. കെ. സദാശിവൻനായർ
ജനറൽ സെക്രട്ടറി

കേരള–കോഴിക്കോട് സർവകലാശാല സമിതികളിലേക്ക് തെരഞ്ഞെടുപ്പു നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ മൂന്നു സർവകലാശാലകളിലും തെരഞ്ഞെടുപ്പുനടത്തേണ്ട സമയം കഴിഞ്ഞിട്ട് 2 വർഷത്തോളമാകുന്നു. നിരന്തരമായ പ്രക്ഷോഭങ്ങൾ എ. കെ. പി. സി. ടി. എ- നടത്തിയതിന്റെ ഫലമായാണ് ഇപ്പോഴെങ്കിലും തെരഞ്ഞെടുപ്പു നടത്താൻ ഭരണാധികാരികൾ തയ്യാറായത്. ജനാധിപത്യത്തിലധിഷ്ഠിതമായ സ്വയംഭരണം സർവകലാശാലകളിൽ ഇല്ലാതായാൽ ഉണ്ടാകാവുന്ന അപകടങ്ങളാണ് സമീപകാലത്ത് നാം അഭിമുഖീകരിക്കുന്നത്. അധികാരികൾ ഉയർത്തിയിട്ടുള്ള വെല്ലുവിളികളെ ചെറുത്തു തോല്പിക്കുന്നതിന്റെ ഭാഗമായാണ് ഈ തെരഞ്ഞെടുപ്പിനെ കാണേണ്ടത്.

ഉന്നതവിദ്യാഭ്യാസരംഗത്ത് നാം നടത്തിയ പോരാട്ടങ്ങളും, അതുവഴിയുണ്ടായ നേട്ടങ്ങളും നിരവധിയാണ്. ഇനിയും നിരവധി വെല്ലുവിളികളെയാണ് നമുക്കു നേരിടാനുള്ളത്. കോളേജധ്യാപകരുടെ ഏററവും കരുത്തുററ സംഘടന എ. കെ. പി. സി. ടി. എ. ആണെന്ന് എതിരാളികൾ പോലും അംഗീകരിക്കും. കഴിഞ്ഞ 36 വർഷത്തെ ത്യാഗോജ്ജ്വലമായ സമരത്തിന്റെചരിത്രം നമുക്ക് അഭിമാനിക്കാനുണ്ട്, സ്വകാര്യ കോളേജധ്യാപകൻ ഇന്നനുഭവിക്കുന്ന നേട്ടങ്ങൾക്ക് ഉത്തരവാദി ഈ സംഘടനമാത്രമാണ്. സമീപകാലത്ത് നമുക്ക് നടത്തേണ്ടിവന്ന പ്രക്ഷോഭങ്ങളെപ്പററി ഓർക്കുക. മററുസംഘടനകൾ എന്താണു ചെയ്തതെന്നും ചിന്തിക്കുക.

## ഏകീകൃതസർവകലാശാലാനിയമം

ഐക്യമുന്നണി സർക്കാർ അധികാരത്തിൽ വന്നനാൾമുതൽ മൂന്നു സർവകലാശാലകൾക്കും കൂടി ഒരേകീകൃത നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിക്കുകയും 1994 ജൂലൈ 28-ന് ഈ ബില്ല് അസംബ്ളിയിലവതരിപ്പിക്കയും ചെയ്തു. ആ ദിവസംതന്നെ എ. കെ. പി. സി. ടി. എ., എ. കെ. ജി. സി. ടി. സംഘടനകളുടെ നേതൃത്വത്തിൽ കോളേജധ്യാപകർ ശക്തമായ പണിമുടക്കു നടത്തി പ്രതിഷേധം രേഖപ്പെടുത്തി. സർവകലാശാലകളുടെ ജനാധിപത്യം തകർത്ത് സർക്കാരിന്റെ ഒരു വകുപ്പായി തരംതാഴ്ത്താനും, ഓട്ടോണമസ്–സ്വാശ്രയ–ആൺ എയ്ഡഡ് കോളേജുകൾ തുടങ്ങാനും പകുതിയോളം കോളേജധ്യാപകരെ ഹയർ സെക്കണ്ടറി ബോർഡിലേക്ക് മാററി തരംതാഴ്ത്താനും കൊണ്ടുവന്ന ഈ ബില്ലിനെ ചെറുക്കാൻ ഇതരസംഘടനകൾ എന്തുചെയ്തെന്ന് പരിശോധിക്കണം. നാം നടത്തിയ പണിമുടക്കിനെ പരാജയപ്പെടുത്താൻ വിഫലശ്രമം നടത്തിയ സംഘടനകളുണ്ട്, ബില്ലിനെ സ്വാഗതംചെയ്ത സംഘടനകൾപോലുമുണ്ട്. ഇവരൊക്കെയാണ് അധ്യാപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കേണ്ട സർവകലാശാലാസമിതികളിൽ വരുന്നതെങ്കിൽ എന്തുചെയ്യുമെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു.

ശക്തമായ പ്രതിഷേധംമൂലം സർക്കാരിന് ഈ ബില്ല് സെലക്ട്കമ്മിററിയുടെ പരിഗണനയ്ക്ക് വിടേണ്ടിവന്നു. കേരളത്തിലുടനീളം സെലക്ട്കമ്മിററി മുമ്പാകെ നിഴൽപോലെ പിൻതുടർന്ന് ഈ നിയമത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടാൻ എ. കെ. പി. സി. ടി. എ. മാത്രമേ ഉണ്ടായിരുന്നുള്ളൂ. മററുസംഘടനകൾ ഓരോ നിവേദനവും കൊടുത്ത് തങ്ങളുടെ ജോലി 'ഭംഗിയായി' നിറവേററി. സെലക്ട് കമ്മിററിയുടെ റിപ്പോർട്ട് നാളിതുവരെ വന്നിട്ടില്ല. നിയമം കൊണ്ടുവരുന്നതിന്റെ മറവിൽ ഇനിയും തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുവാൻ കഴിയില്ലെന്നു മനസ്സിലാക്കിയ ഭരണക്കാർ തെരഞ്ഞെടുപ്പ് നടത്താൻ നിർബന്ധിതരായി.

കോളേജധ്യാപകന്റെ നിലനില്പുതന്നെ അപകടപ്പെടുത്താവുന്ന ഒരു നിയമത്തെതടഞ്ഞു നിർത്താൻ നാം നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് ഇപ്പോൾ തെരഞ്ഞെടുപ്പുതന്നെ നട

ക്കുന്നത്. മററു സംഘടനകൾ കാഴ്ചക്കാരായി കരയിലിരിക്കയായിരുന്നെങ്കിലും തെരഞ്ഞെടുപ്പടുക്കുമ്പോൾ പ്രസ്താവനകളുമായി വരുന്നത് അധ്യാപകർ തിരിച്ചറിയുകതന്നെ ചെയ്യും. സ്വകാര്യ കോളേജധ്യാപകന് സംരക്ഷണം നൽകുന്ന ആക്ട്, സ്ററാട്യൂട്ടസ്, ഓർഡിനൻസ് എന്നിവ പരിരക്ഷിക്കണം. സർവകലാശാലകളെ നോക്കുകുത്തികളാക്കി നിയമലംഘനം നടത്തുന്ന സർക്കാരിന് വിടുപണി ചെയ്യാനല്ല, നാം പ്രതിനിധികളെ അയക്കേണ്ടത്. നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നവരായിരിക്കണം സർവകലാശാലകളിൽ എത്തേണ്ടത്.

## പ്രീഡിഗ്രി ഡീലിങ്കിംഗ്:

നിയമസഭയുടെ സെലക്ട്കമ്മിററി തെളിവെടുപ്പു നടത്തിക്കൊണ്ടിരിക്കെയാണ് 93 ഒക്ടോബർ 19-ന് വിദ്യാഭ്യാസമന്ത്രിയുടെ സാന്നിധ്യത്തിൽ കോളേജ് വിദ്യാഭ്യാസഡയറക്ടർ പ്രീഡിഗ്രിഡീലിങ്കിംഗിനെപ്പററി മാത്രം ചർച്ചചെയ്യാൻ കോൺഫറൻസ് വിളിച്ചത്. ഒരൊററ അധ്യാപകനെയും ബോർഡിലേക്കുമാററരുതെന്ന് അസന്നിഗ്ധമായി പറഞ്ഞത് എ.കെ.പി.സി.ടി.എ. യും, എ. കെ. ജി. സി. ടി. യും മാത്രമാണ്.

ബോർഡിലേക്കു മാററുന്ന അധ്യാപകന് ഓപ്ഷനും, ഡപ്യൂട്ടേഷനും വേണമെന്നും 86 ലെ പ്രീഡിഗ്രിബോർഡ് നല്ലതാണെന്നും പറഞ്ഞവരുണ്ട്. 86-ലെ വൈസ്ചാൻസലേഴ്സ് കമ്മിററി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിലേക്ക് മാററണമെന്നു പറഞ്ഞവരുമുണ്ട്. റൊട്ടേഷൻ വ്യവസ്ഥയിൽ എല്ലാ അധ്യാപകരേയും ബോർഡിലേക്കു മാററണമെന്നാവശ്യപ്പെട്ടവരുമുണ്ട്. പ്രീഡിഗ്രി മാററുമ്പോൾ അധ്യാപകരും ബോർഡിലേക്കു മാറണമെന്ന് ബില്ലിൽ എഴുതിവച്ച സർക്കാരിന്റെ ഇംഗിതം നടപ്പാക്കാനാണ് ഇവർ കൂട്ടുനിന്നത് ഇവർ തന്നെയാണ് സ്കീമും, സ്കെയിലും, റൊട്ടേഷനും പറഞ്ഞ് അധ്യാപകരെ പ്രധാന പ്രശ്നങ്ങളിൽനിന്നും ബോധപൂർവം അകററാൻ ശ്രമിച്ചതെന്നതും അധ്യാപകർക്കറിയാത്തതല്ല.

## ഡി.സി.ഇ., ഡപ്യൂട്ടി ഡി. സി. ഇ. ഓഫീസുകൾ.

കോളേജധ്യാപകന് ശമ്പളം നൽകാനുണ്ടാക്കിയ ഓഫീസുകൾ എങ്ങനെ ശമ്പളം തടയാമെന്ന് ഗവേഷണം നടത്തുകയാണ്. പി. എഫ്. ക്രെഡിററ്കാർഡുകൾ നൽകാതിരിക്കുക, പി. എഫ്. ലോൺ മാസങ്ങളോളം വച്ചുതാമസിപ്പിക്കുക, പ്ലേസ്മെൻറും ഫിക്സേഷനും നടത്താതിരിക്കുക തുടങ്ങി ഒട്ടേറെ കെടുതികൾ ഈ ആഫീസുകൾ ചെയ്യുന്നുണ്ട്. ശമ്പളം തടയൽ സ്ഥിരമായി നടത്തുന്നു. പ്രതിമാസ റിപ്പോർട്ടിന്റെ പേരിൽ ശമ്പളം തടയാൻ ശ്രമിക്കുന്നു. ഇതിനെതിരെ സെക്രട്ടറിയേററുനടയിലും ഡി. സി. ഇ. ഓഫീസ് പടിക്കലും കൂട്ടധർണ നടത്തി. നിരവധിതവണ കണ്ടു നിവേദനംനടത്തി. അധ്യാപകരുടെ ന്യായമായകാര്യങ്ങൾ നിഷേധിക്കുന്ന ഈ ഓഫീസുകൾക്കെതിരേ ചെറുവിരൽ പോലും അനക്കാത്ത ഇതര സംഘടനകളാണ് വോട്ട് ചോദിച്ചുവരുന്നതെന്നോർക്കുക. പത്രത്തിൽകൂടി പ്രവർത്തിക്കുന്ന സംഘടനകൾക്ക് പ്രക്ഷോഭം നടത്താൻ കഴിയില്ലല്ലോ.

## വാല്യുവേഷൻ ക്യാമ്പുകളിലെ സമരം

കേരള.കോഴിക്കോട് സർവകലാശാലകളിൽ ഒരുദിവസം നോക്കുന്ന പേപ്പറുകളുടെ എണ്ണം പ്രീഡിഗ്രിക്ക് 25, ഡിഗ്രിക്ക് 20 എന്നീ ക്രമത്തിൽ കുറച്ച് ഗാന്ധിജി യൂണിവേഴ്സിററിയിൽ നോക്കുന്ന പേപ്പറുകളുടെ എണ്ണത്തിനുതുല്യമാക്കണമെന്നാവശ്യപ്പെട്ട് വാല്യുവേഷൻക്യാമ്പുകളിൽ നടത്തിയ സമരത്തോട് മററു സംഘടനകൾ പുറംതിരിഞ്ഞു നിൽക്കുകയായിരുന്നു കേരളാ യൂണിവേഴ്സിററിയിലെ അധ്യാപക പ്രതിനിധിയായ സിൻഡിക്കേററ്മെമ്പർ സമരം പൊളിക്കാൻ ക്യാമ്പുകൾതോറും നടന്ന കഥ അധ്യാപകർക്ക്മറക്കാറായിട്ടില്ല. സർവകലാശാലാ ഭരണാധികാരികൾ നിഷേധാത്മകമായ സമീപനമാണ് ഈ സമരത്തോടു സ്വീകരിച്ചത്. പ്രതികൂലസാഹചര്യത്തിലും സമരത്തിൽ ഉറച്ചുനിന്ന മുഴുവൻ അധ്യാപകരേയും അനുമോദിക്കുന്നു. വിദ്യാഭ്യാസമന്ത്രി അധ്യാപക പ്രതിനിധികളെവിളിച്ചുകൂട്ടി ചർച്ചചെയ്യുകയും സമരം ഒത്തുതീർപ്പാവുകയും ചെയ്തെങ്കിലും പ്രശ്നം തീരുമാനമാകാതെ നീളുകയാണ്. അധ്യാപകരുടെ അവകാശങ്ങൾക്കുവേണ്ടി നടത്തുന്ന സമരത്തെ പിന്നിൽനിന്നു കുത്തിയവർക്ക് തക്ക തിരിച്ചടി ഈ തെരഞ്ഞെടുപ്പിൽ അധ്യാപകർ നൽകും.

## കോർപ്പറേററ് മാനേജ്മെൻറുകൾ

കോർപ്പറേററ് മാനേജ്മെൻറുകളിലെ അധ്യാപകരുടെ സ്ഥലംമാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡം വേണമെന്നാവശ്യപ്പെട്ട് എൻ എസ്, എസ്., എസ്. എൻ. മാനേജുമെൻറുകൾക്കെതിരെ പ്രക്ഷോഭസമരങ്ങൾ നടത്തിയത് എ.കെ.പി.സി.ടി.എ. യുടെ കൊടിക്കീഴിലായിരുന്നു. ഇൻട്രായൂണിവേഴ്സിററി നേംസ് വേണമെന്ന പ്രമേയം കേരളാ യൂണിവേഴ്സിററി സിൻറിക്കേററിൽ ഒററ വോട്ടിനാണ് പരാജയപ്പെട്ടത്. സർക്കാർ പ്രതിനിധികളോടൊപ്പം നിന്ന് ഈ പ്രമേയത്തിനെതിരെ വോട്ടുചെയ്ത അധ്യാപകപ്രതിനിധിയുടെ വഞ്ചന കോളേജധ്യാപകർക്ക് പൊറുക്കാൻ കഴിയുമോ? അധ്യാപക താല്പര്യങ്ങൾക്ക് എതിരുനിന്നുപോലും സർക്കാരിനെ പിന്താങ്ങി സ്വാർത്ഥതാല്പര്യം സംരക്ഷിക്കുന്നവരെ സർവകലാശാലാ സമിതികളിലേക്ക് അയക്കണമോയെന്ന് അധ്യാപകർ ആലോചിക്കണം.

## കൊല്ലം–കോതമംഗലം കോളേജുകളും, ന്യൂനപക്ഷ പദവിയും

കൊല്ലം ടി. കെ. എം., കോതമംഗലം മാർ അത്തനേഷ്യസ് ഇൻഞ്ചിനീയറിംഗ് കോളേജ് മാനേജ്മെൻറുകൾ ന്യൂനപക്ഷപദവി ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ കൊടുത്ത കേസിൽ കേരളസർക്കാർ മാനേജുമെൻറു പ്രീണന നയമാണ് സ്വീകരിച്ചത്. കേസിലടങ്ങിയിട്ടുള്ള യഥാർത്ഥവസ്തുതകൾ യഥാസമയം കോടതിയെ ധരിപ്പിക്കുന്നതിൽ കുററകരമായ അനാസ്ഥയാണ് സർക്കാർ കാണിച്ചത്. ഇഞ്ചിനീയറിംഗ് കോളേജുകൾക്ക് ന്യൂനപക്ഷപദവി അനുവദിച്ചാൽ മററു സ്വകാര്യ കോളേജുകളും ആ വഴിക്കുനീങ്ങുമെന്നുറപ്പാണ്. ഇതിൻെറ പരിണിതഫലം കോളേജധ്യാപകൻെറ സ്ഥിതി 1972-നു മുമ്പുള്ള അവസ്ഥയിലേക്ക് തിരിച്ചുപോക്കായിരിക്കും. ഈ വസ്തുതകളെല്ലാം കണക്കിലെടുത്താണ് എ. കെ. പി. സി. ടി.എ. സുപ്രീംകോടതിയിൽ കക്ഷിചേർന്നത്. ഈ കോളേജുകൾക്ക് ന്യൂനപക്ഷപദവി നൽകരുതെന്ന് ആവശ്യപ്പെട്ട് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് വിശദമായ നിവേദനം സംഘടന സമർപ്പിക്കയുംചെയ്തു. ഉണ്ടാകാമായിരുന്ന വലിയ അപകടം തടയാൻ നമുക്കു സാധിച്ചു. എന്നാൽ ഈ മേഖയിലുള്ള മററു സംഘടനകൾ ഈ പ്രശ്നം കണ്ടതായിപ്പോലും ഭാവിച്ചില്ല.

## അക്കാഡമിക് പ്രവർത്തനം

സേവന-വേതന വ്യവസ്ഥകൾക്കുവേണ്ടി നിരന്തരം പോരാടേണ്ടിവന്ന നമ്മുടെ സംഘടനയ്ക്ക് അക്കാഡമിക്രംഗങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല. ഇനിയെങ്കിലും, കൂടുതൽ പ്രാധാന്യത്തോടെ അക്കാദമിക് രംഗത്ത് പ്രവർത്തിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് അക്കാദമിക് കൗൺസിലിനും, അക്കാദമിക് കമ്മററിക്കും ഭരണഘടനയിൽതന്നെ പ്രാമുഖ്യം കൊടുത്തത്. മെച്ചപ്പെട്ട അധ്യാപനം, സിലബസ് പരിഷ്കരണം, പരീക്ഷാ പരിഷ്കരണം തുടങ്ങിയ നിരവധി കാര്യങ്ങളിൽ ഗൗരവമായ ചർച്ചകളും നടപടികളും സ്വീകരിച്ചുവരികയാണ്. ഉന്നതവിദ്യാഭ്യാസരംഗത്തുവരുത്തേണ്ട മാററങ്ങളെപ്പററി സുചിന്തിതമായ അഭിപ്രായം പറയുവാൻ സംഘടനയെ പ്രാപ്തമാക്കുന്ന പ്രധാനജോലിയാണ് ഈ സമിതികൾക്ക് നിർവഹിക്കുവാനുള്ളത്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും സ്തുത്യർഹമായി സമിതികൾ പ്രവർത്തനം നടത്തിവരികയാണ്.

## അൺഎയ്ഡഡ്കോളേജുകൾ

ക്രമവിരുദ്ധവും, നിയമവിരുദ്ധവുമായ രീതിയിൽ വ്യാപകമായി ഈ സംസ്ഥാനത്ത് അൺഎയിഡഡ് കോളേജുകൾ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. അൺ എയിഡഡ് സ്കൂളുകൾ അനുവദിച്ച് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടുന്നതുപോലെ അൺ എയിഡഡ് കോളേജുകൾ അനുവദിച്ച് നിലവിലുള്ള കോളജുകൾ തകർക്കുകയാണു ലക്ഷ്യം. ഉന്നതവിദ്യാഭ്യാസം സ്വകാര്യവത്ക്കരിക്കയും, വരേണ്യവത്ക്കരിക്കയുമാണ്.

സർവകലാശാലാ നിയമത്തിൽ വ്യവസ്ഥയില്ലാത്ത ഇത്തരം കോഴക്കോളജുകൾ അനുവദിക്കുന്നത് നിയമലംഘനമാണ്, ഈ സംസ്ഥാനത്തെ വിദ്യാഭ്യാസത്തെ ബഹുകാതം പുറകോട്ടടിക്കാനേ ഈ നടപടി ഉപകരിക്കയുള്ളു. സാമൂഹ്യനിയന്ത്രണത്തിനു വിധേയമാകാത്ത അൺ എയിഡഡ് കോളജുകൾ ജാതി–മത സംഘടനകൾക്ക് പങ്കുവച്ചുകൊടുത്ത് വിദ്യാഭ്യാസക്കച്ചവടം നടത്തുന്നതിനെ എന്തുവിലകൊടുത്തും

കോളജധ്യാപകർ ചെറുത്തുതോൽപിക്കും. നിരവധി പ്രക്ഷോഭങ്ങൾ ഇതിനോടകം നാം നടത്തിക്കഴിഞ്ഞു. ആഗസ്ററ് 8-ന് സെക്രട്ടേറിയററ് നടയിലും, ആഗസ്ററ് 17-ന് കോളജികളിലും ധർണ നടത്തി. സേവ് എഡ്യൂക്കേഷൻ കമ്മററിയുടെ നേതൃത്ത്വത്തിൽ ആഗസ്ററ് 3 ന് സെക്രട്ടേറിയററ് മർച്ചും, സെപ്ററംബർ 27-ന് രാജ്ഭവൻ മാർച്ചും നടത്തി. സെപ്ററംബർ 5-ന് എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും വമ്പിച്ച കൂട്ടധർണ നടത്തുകയും, ബാഡ്ജ് ധരിച്ച് ജീവനക്കാരെല്ലാം പ്രതിഷേധം രേഖപ്പെടുത്തുകയുംചെയ്തു. എ. കെ. പി. സി. ടി. എ. സംസ്ഥാനകൗൺസിൽ കൂടി അനിശ്ചിതകാല പണിമുടക്ക് ഉൾപ്പെടെയുള്ള സമരപരിപാടികൾക്ക് രൂപംനൽകിയിരിക്കയാണ്. കിട്ടാവുന്ന ശക്തികളെ കൂട്ടുപിടിച്ച് ഈ സാമൂഹ്യ വിപത്തിനെതിരെയുള്ള പോരാട്ടം തുടർന്നുകൊണ്ടിരിക്കയാണ്. എ. കെ. പി. സി. ടി. എ. യെ വിമർശിക്കുകമാത്രം ചെയ്യുന്ന പ്രവർത്തനമാണ് ഈ മേഖലയിലുള്ള മററു സംഘടനകൾ നടത്തുന്നത്.

ഓട്ടോണമസ് കോളജുകൾ അനുവദിച്ച് സർവകലാശാലയെ ഡിഗ്രികൊടുക്കുന്ന സ്ഥാപനമാക്കുകയും, സ്വാശ്രയകോളജുകൾ അനുവദിച്ച് പണമുള്ളവർക്കുമാത്രം വിദ്യാഭ്യാസം പരിമിതപ്പെടുത്തുകയും ചെയ്യുന്ന വികലമായ നീക്കത്തെ തടഞ്ഞേമതിയാകൂ. ഒന്നാംവർഷപ്രീഡിഗ്രി പരീക്ഷ നിർത്തലാക്കുന്നതും, അശാസ്ത്രീയവും, അപ്രായോഗികവുമായ സിലബസ് പരിഷ്കരണവും അധ്യാപകർക്ക് അംഗീകരിക്കാനാവില്ല. സർവകലാശാലാസമിതികളിൽ ചർച്ചചെയ്യാതെയും, ഈ മേഖലയുമായി ബന്ധപ്പെട്ട ആരുമായും ആലോചിക്കാതെയും സർക്കാരിന്റെ ഇംഗിതമനുസരിച്ച് ഈ തീരുമാനങ്ങൾ സർവകലാശാല ഭരണാധികാരികൾ അടിച്ചേൽപിക്കുന്നതിനെ ചെറുത്തു തോൽപിക്കണം.

സർവകലാശാല സമിതികളിൽ ജനാധിപത്യബോധവും, സാമൂഹ്യ വീക്ഷണവും, അക്കാദമിക് താൽപര്യവുമുള്ള അധ്യാപകരെ തെരഞ്ഞെടുത്തയച്ചെങ്കിലേ മേൽപറഞ്ഞ അപകടങ്ങളെ തടഞ്ഞുനിർത്താൻ കഴിയുകയുള്ളൂ. കോളേജധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾക്കുവേണ്ടിയും, സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടിയും ത്യാഗോജ്ജ്വലമായപോരാട്ടങ്ങൾ നടത്തിയ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്തു വിജയിപ്പിക്കണമെന്ന് അധ്യാപകരോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ തെരഞ്ഞെടുത്തയക്കുന്ന എ.കെ.പി.സി.ടി.എ. പ്രതിനിധികൾ മുഴുവൻ കോളേജധ്യാപകരുടെയും അവകാശങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാടുന്നവരായിരിക്കുമെന്ന് സംഘടനയുടെ പേരിൽ ഉറപ്പുനൽകുന്നു. എല്ലാ കോളേജധ്യാപകരുടേയും സഹായസഹകരണങ്ങൾ ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. □

## ബ്രാഞ്ച് സെക്രട്ടറിമാർക്ക്:

☐ മെമ്പർഷിപ്പ് ഇനിയും അയക്കാനുള്ളവർ ഉടൻതന്നെ ട്രഷറർക്ക് ഡി ഡി യായി അയയ്ക്കുക
(സി.ജെ. ശിവശങ്കരൻ, മഞ്ജുഷ, പേഷ്കാർറോഡ് ഇരിങ്ങാലക്കുട)

☐ ജേർണലിന് കൂടുതൽ വരിക്കാരെ ചേർക്കണം. മാനേജിംഗ് എഡിററർക്ക് ഡി.ഡി.യായി വരിസംഖ്യ അയയ്ക്കുക.
(എ. പ്രതാപചന്ദ്രൻനായർ, കുരവട്ടം പരുത്തിപ്പള്ളി തിരുവനന്തപുരം

☐ ജേർണലിലേയ്ക്കുള്ള മാററർ, ഫോട്ടോ എല്ലാം എഡിററർക്കാണ് അയയ്ക്കേണ്ടത്. ചോദ്യങ്ങളും അയയ്ക്കാം.
(വി. എൻ. മുരളി, വസന്തം, ചെമ്പകശ്ശേരി നഗർ കേശവദാസപുരം, തിരുവനന്തപുരം—4)

## എസ്. എൻ. കോളേജദ്ധ്യാപകരുടെ
## സ്ഥലംമാററങ്ങൾക്ക് മാനദണ്ഡം

ഗവൺമെൻറ് കോളേജദ്ധ്യാപകരുടെ സ്ഥലംമാററത്തിനേർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ നിഷേധത്തിനോ, നിരസനത്തിനോ ഇടനൽകാതെ എസ്. എൻ. കോളേജദ്ധ്യാപകർക്കും അടിയന്തിരമായി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട തിരുവനന്തപുരം ഒന്നാം അഡീഷണൽ ജില്ലാ ജഡ്ജി ഉത്തരവായിരിക്കുന്നു. എസ്. എൻ. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിലിൻെറ നേതൃത്വത്തിൽ പത്തോളം അദ്ധ്യാപകർ ചേർന്നുനൽകിയ ഒരു കേസിലാണ് മേൽപറഞ്ഞ വിധി ഉണ്ടായിരിക്കുന്നത്.

IN THE DISTRICT COURT OF THIRUVANANTHAPURAM

Present :- Sri. A. Govindan, I Addl. District Judge.

Wednesday the 25th day of September 1994 / 6th Asvina 1916

IA. 1660/94 in 084/90

Petitioners :

1. A. H. Remani, Lecturer, Selection Grade, Department of physics, S. N. College, Varkala.
2. S. Sivan, Selection grade Lecturer, Department of Commerce, S. N. College, Varkala and others.

By Advocate Sri. C. Ajayakhosh.

Couuter Petitioners :

1. P. Pushpangadan, Prasanthi, S. V. Puram, Varkala.
2. Sivarajan, PWD Contractor, 'Karthika', Varkala.
3. The Sree Narayana Trust, Kollam, represented by its secretary, S. N. Trust Office, Kollam.

Petition field by the petitioner's Advocate Sri. G. Ajaya Khosh, Praying that to pass orders formulating guidelines and norms with regard to the transfer of the Lecturers of S. N. Colleges owned by S. N. Trust.

Heard, perused the records and passed the following

ORDER

Heard. The commissioners are hereby peremptorily directed to follow the principles, guidlines and norms accepted by the Director of collegiate education with regard to the transfer and postings of Government college teachers, for the transfer and postings of the teachers in colleges under the S. N. Trust. With this observation this petition is closed.

Pronounced in Open court on 28-9-1994.

sd/
A. Govindan,
I Addl. District Judge.

IDEAL FOR GIFTS

# A. C. STORES

Sreekumar Buildings, Near Iron Bridge,

ALAPUZHA – 688011

Phone: 62196

With the best compliments from

## S. D. COLLEGE EMPLOYEES

## CO-OPERATIVE CREDIT SOCIETY Ltd. No. A-753

E std 1981

Phone: 62817

PROF. D. NARAYANAN KUTTY

PRESIDENT

വി. രാജേന്ദ്രൻ

# അടിത്തറ തകർക്കുന്ന പരിഷ്കാരം

കേരളത്തിലെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ അടിത്തറ തന്നെ തകർക്കുന്നരീതിയിൽ രണ്ട് വൻ പരിഷ്കാരങ്ങൾക്ക് സർവ്വകലാശാലാ വൈസ് ചാൻസലറൻമാർ ഉൾപ്പെട്ട കൂടിയാലോചനാ സമിതി രൂപംനൽകിയിരിക്കുകയാണല്ലോ? ഒന്നാംവർഷ പ്രീഡിഗ്രി പൊതുപരീക്ഷ നിർത്തലാക്കുവാനും സി. ബി. എസ്. ഇ. സിലബസ് പ്രാവർത്തികമാക്കുവാനുമുള്ള തീരുമാനങ്ങൾക്ക് വളരെ ധൃതിപിടിച്ചാണ് സമിതി രൂപംനൽകിയത്. ഈ രണ്ടു പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽകൂടി കേരളത്തിലെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാനാവുമെന്നാണ് ഇതിന്റെ പ്രയോക്താക്കൾ അവകാശപ്പെടുന്നത് ഓർക്കാപ്പുറത്ത് ഒരു പുതിയ സിലബസ് അടിച്ചേൽപ്പിക്കുന്നതുകൊണ്ടും C. B. S. E. സമ്പ്രദായത്തിന്റെ ചുവടുപിടിച്ച് ഒന്നാംവർഷ പൊതു പരീക്ഷ നിർത്തലാക്കുന്നതുകൊണ്ടും പ്രീഡിഗ്രി കോഴ്സിന്റെ നിലവാരം ഉയർത്താനാവുമോ? ആരാണ് സുപ്രധാനമായ ഇത്തരം തീരുമാനങ്ങൾക്ക് രൂപം നൽകേണ്ടവർ? നിലവിലിരിക്കുന്ന പരിമിതമായ ഭൗതികസാഹചര്യങ്ങളിൽ ഈ പരിഷ്കരങ്ങളുടെ പ്രായോഗികത എന്താണ്? ഉന്നത വിദ്യാഭ്യാസ രംഗത്ത് പുരോഗതി കാംക്ഷിക്കുന്ന ഓരോരുത്തരേയും ചിന്തിപ്പിക്കുന്ന ചോദ്യങ്ങളാണിവ. ഈ ചോദ്യങ്ങളുടെ വിശദാംശങ്ങളിലേക്ക് ഒരെത്തിനോട്ടമാണ് ലേഖനത്തിൽ.

## ആരുതീരുമാനിക്കണം:

പ്രീഡിഗ്രിക്ക് ഒന്നാംവർഷത്തിൽ നിലവിലുള്ള പൊതുപരീക്ഷ വേണ്ടന്നുവയ്ക്കുവാനും അഖിലേന്ത്യാതലത്തിൽ XI ഉം, XII ഉം ക്ളാസുകളിൽ നിലവിലുള്ള C.B.S.E. സിലബസ് കേരളത്തിലെ പ്രീഡിഗ്രിക്കും പ്രാവർത്തികമാക്കുവാനുമുള്ള തീരുമാനങ്ങൾ വളരെധൃതിപിടിച്ചാണ് ഉണ്ടായതെന്ന് പറഞ്ഞുവല്ലോ. ഒരു ജനാധിപത്യവ്യവസ്ഥയിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ കാര്യമായി ബാധിക്കുന്ന ഇത്തരം തീരുമാനങ്ങൾക്ക് രൂപം നൽകേണ്ടത് ജനാധിപത്യപരമായ രീതിയിൽതന്നെയാവണം. ഇവിടെ പ്രസ്തുത തീരുമാനങ്ങളെടുത്തത് ഇന്റർ വാഴ്സിററി കൺസൾട്ടേററീവ് കമ്മററിയാണ്. കേരളത്തിലെ വൈസ്ചാൻസലർമാർ ഉൾപ്പെട്ട ഒരു കൂടിയാലോചനസമിതിമാത്രമാണ് അത്. അക്കാഡമിക് രംഗത്ത് ഇത്തരം തീരുമാനങ്ങളെടുക്കുവാൻ അർഹതപ്പെട്ട ഒരു കമ്മററിയല്ല IUCC. കോഴ്സുകൾക്കും അതിനാവശ്യമായ പരീക്ഷകൾക്കും രൂപകൽപന നൽകുവാൻ നിയമപരമായി അവകാശപ്പെട്ട അക്കാഡമിക് കൗൺസിലുകളിലും ഓരോ വിഷയങ്ങളുടേയും സിലബസുകൾക്ക് രൂപംനൽകുന്ന ബോർഡ് ഓഫ് സ്ററഡീസിലും ഇക്കാര്യം വിശദമായി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. ഫാക്കൽററി തലത്തിലുള്ള വിശദമായ ചർച്ചകളിലൂടെവേണം സിലബസ് – പരീക്ഷാ പരിഷ്കാരങ്ങൾക്ക് അന്തിമരൂപം നൽകുവാൻ. അല്ലെങ്കിൽ, പ്രായോഗികതലത്തിൽ ഭൗതിക സാഹചര്യങ്ങളുമായുള്ള പൊരുത്തക്കേട് നിലനിൽക്കുകയും തൽഫലമായി പരിഷ്കാരങ്ങൾ നിരർത്ഥകമായി തീരുകയുംചെയ്യും. സാധാരണഗതിയിൽ ബോർഡ് ഓഫ് സ്ററഡീസ് ചർച്ചചെയ്ത് തയാറാക്കുന്ന സിലബസിന്റെ കരടുരൂപം താഴെത്തലങ്ങളിലേക്ക് (കോളേജുകളിലേക്ക്) അധ്യാപകരുടെ അഭിപ്രായങ്ങൾ ആരായുന്നതിനായി അയയ്ക്കുകയും അവിടെനിന്നുണ്ടാകുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം എടുക്കുകയും ചെയ്യുകയാണ് പതിവ്. മേൽപ്പറഞ്ഞ പരിഷ്കാരങ്ങളാകട്ടെ അക്കാഡമിക് സമൂഹത്തിന്റെ പങ്കാളിത്തം ഒട്ടുമില്ലാതെ, അഡ്മിനിസ്ട്രേററീവ് ഓർഡർ വഴി അടിച്ചേൽപ്പിക്കപ്പെടുകയാണ്.

അക്കാഡമിക് രംഗത്ത് പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്, ഓരോ വിഷയത്തി

ന്റെയും വൈജ്ഞാനികമേഖലയിലുണ്ടാകുന്ന വികാസത്തിന്റെ ഭാഗമായി കാലോചിതമായ മാററങ്ങൾ പരീക്ഷാരംഗത്തും സിലബസിലുമെല്ലാം ഉണ്ടായേതീരൂ. എന്നാൽ അത്തരത്തിലുള്ള ഏതു മാററവും മുകളിൽനിന്ന് ഏകപക്ഷീയമായി അടിച്ചേൽപ്പിക്കപ്പെടുന്നതാകരുത്. അക്കാഡമിക് സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ വിചക്ഷണൻമാരുടേയും, രക്ഷാകർത്താക്കളുടേയും എല്ലാം അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ടുള്ള ആസൂത്രിതമായ പരിഷ്കാരങ്ങളാണ് വേണ്ടത്.

## ഘടനാപരമായവ്യത്യാസം

C. B. S. E. യുടെ XI ഉം, XII ഉം ക്ലാസുകളും പ്രീഡിഗ്രിയും ഘടനാപരമായി വ്യത്യാസപ്പെട്ട കോഴ്സുകളാണ്. C. B. S. E. XI, XII ക്ലാസുകളിൽ ഇംഗ്ലീഷ് ഭാഷയും നാല് ഐച്ഛിക വിഷയങ്ങളുമാണ് പഠിക്കേണ്ടത്. ഉപഭാഷയില്ല. അഞ്ചുവിഷയങ്ങൾക്കും ഓരോ വർഷവും നൂറ് മാർക്കുവീതം ആണ് ഉള്ളത്. പതിനൊന്നാം ക്ലാസിൽ സ്കൂൾ തലത്തിൽ നടക്കുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ക്ലാസ് കയററം. പരമാവധി 30നും 40 നും ഇടക്ക് കുട്ടികളാണ് ഒരു ക്ലാസിലുണ്ടാവുക. സാധാരണഗതിയിൽ ഒരു സ്ഥാപനത്തിൽ ഒരു ഡിവിഷനാണ് ആകെ ഉണ്ടാവുക. ആഴ്ചയിൽ മുപ്പതു മണിക്കൂറാണ് അദ്ധ്യയനസമയം. എന്നാൽ പ്രീഡിഗ്രി ഒരു ദ്വിവത്സര കോഴ്സാണ്. ഇംഗ്ലീഷും മൂന്ന് ഐച്ഛികവിഷയങ്ങളും കൂടാതെ ഒരു ഉപഭാഷയും പഠിക്കാനുണ്ട്. ഇംഗ്ലീഷിന് 300 മാർക്കും ഉപഭാഷയ്ക്ക് 150 മാർക്കും ഓരോ ഐച്ഛികവിഷയത്തിനും 150 മാർക്ക് വീതവുമായി ആകെ 900 മാർക്കാണ് ഉള്ളത്. ആഴ്ചയിൽ 25 മണിക്കൂറാണ് അധ്യയനസമയം. ഓരോ ക്ലാസിലേയും കുട്ടികളുടെ എണ്ണം 80 മുതൽ 90 വരെയാണ്. മാത്രവുമല്ല, ഒരു കോളേജിൽതന്നെ അനേകം ബാച്ചുകൾ വിവിധ വിഷയങ്ങളിലായി ഉണ്ടാകും. സാധാരണയായി നമ്മുടെ കോളേജുകളിൽപഠിക്കുന്ന വിദ്യാർത്ഥികളിൽ ഏതാണ്ട് പകുതിയോളം പേർ പ്രീഡിഗ്രി വിദ്യാർത്ഥികളാണ്. പ്രീഡിഗ്രികോഴ്സ് തുടങ്ങിയ കാലത്ത് രണ്ടാംവർഷ അവസാനത്തിൽ മാത്രമേ പൊതുപരീക്ഷ ഉണ്ടായിരുന്നുള്ളു. എന്നാൽ കോഴ്സിന്റെ വിവിധഘട്ടങ്ങളിൽ വിലയിരുത്തലുകൾ നടത്തി അവ ക്രോഡീകരിച്ചുകൊണ്ടുള്ള അവസാന വിലയിരുത്തലാണ് കൂടുതൽ ശാസ്ത്രീയം എന്നു കണ്ടതിനാലാണ് ഒന്നും രണ്ടും വർഷളിൽ പൊതുപരീക്ഷ നടത്തുവാൻ തീരുമാനിക്കുകയുണ്ടായത്. ഒന്നാം വർഷത്തെ മുഴുവൻ മാർക്കും രണ്ടാം വർഷത്തെ വിലയിരുത്തലിനു വിധേയമാകുന്ന ക്യുമിലേററീവ് അസെസ്മെൻറ് സമ്പ്രദായമാണ് നിലവിലുള്ളത്. രണ്ടുവർഷം നീണ്ടുനിൽക്കുന്ന പ്രീഡിഗ്രി കോഴ്സിന്റെ ഒന്നാംവർഷം C. B. S. E. യുടെ പതിനൊന്നാം ക്ലാസിനോടും രണ്ടാംവർഷം 12-ാം ക്ലാസിനോടും തുല്യപ്പെടുത്തുന്നത് ഘടനാപരമായും തെററാണ്.

C. B. S. E. യിലെ ഐച്ഛിക വിഷയങ്ങളിലെ പാഠഭാഗങ്ങൾ താരതമ്യേന വിപുലമായതാണ്. അവ പ്രീഡിഗ്രിതലത്തിൽ ലഭ്യമായ സമയം കൊണ്ട് പഠിപ്പിച്ചു തീർക്കുവാൻ കഴിയുന്നതല്ല. പ്രീഡിഗ്രിക്ക് ഇന്ന് ഓരോവിഷയത്തിനുമുള്ള മാർക്കുകൾ C. B. S. E കോഴ്സിന്റെ മാർക്കുകളുമായി ഏകീകരിക്കുന്നത് ഏതു മാനദണ്ഡത്തിലായിരിക്കും എന്നത് ഈ പരിഷ്ക്കാരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർ ചിന്തിച്ചിട്ടില്ല. ഘടനാപരമായ വൈവിധ്യം നിലനിൽക്കുന്ന ഒരു കോഴ്സിന്റെ സിലബസ് മറെറാരു കോഴ്സിന് അടിച്ചേൽപ്പിക്കുക എന്നത് അശാസ്ത്രീയവും അപ്രായോഗികവും ആണ്.

## അപര്യാപ്തമായ ഭൗതിക സാഹചര്യങ്ങൾ:

മുകളിൽ സൂചിപ്പിച്ചതുപോലെ C.B.S.E XI, XII ക്ലാസ്സുകളും നിലവിലുള്ള പ്രീഡിഗ്രി കോഴ്സുകളും തമ്മിൽ ഘടനാപരമായ വ്യത്യാസം ഉള്ളതുപോലെ തന്നെ രണ്ടു കോഴ്സുകളുടേയും നിലവിലുള്ള ഭൗതിക സാഹചര്യങ്ങളും വ്യത്യസ്തമാണ്. പ്രീഡിഗ്രിക്ക് 80 നും 90നും ഇടക്ക് കുട്ടികൾ ക്ലാസിലിരിക്കുമ്പോൾ C.B.S.E ക്കാവട്ടെ 24-48 കുട്ടികൾ മാത്രം. ക്ലാസെടുക്കുവാനുള്ള മണിക്കൂറുകളിൽ മാത്രമല്ല മററു സാഹചര്യങ്ങളിലും P.D.C യും പ്ലസ് ററുവും വ്യത്യസ്തമാണ്. C. B. S. E യുടെ സയൻസ് ഐച്ഛിക വിഷയങ്ങളിൽ പ്രാക്ടിക്കൽ വളരെ വിപുലവും വൈവിധ്യമാർന്നതുമാണ്. പരീക്ഷണങ്ങളും പ്രൊജക്ട്‌വർക്കും 11-ാം വർഷത്തിൽ തന്നെ

# ദേശീയ പണിമുടക്ക് അതിശക്തം

സെപ്ത: 29 ന് നടന്ന ദേശീയ പണിമുടക്ക് വൻവിജയമായിരുന്നു. ഇന്ത്യയെ വീണ്ടും വിദേശീയർക്ക് അടിമപ്പെടുത്താനുള്ള നയങ്ങൾക്കെതിരേ അമ്പത്തിയാറ് ബഹുജനസംഘടനകളുടെ ദേശീയവേദി ആഹ്വാനം ചെയ്ത പൊതുപണിമുടക്ക് പലസംസ്ഥാനങ്ങളിലും ബന്ദായി.

രാജ്യത്തെ 60 ലക്ഷത്തോളം വരുന്ന സംസ്ഥാന ഗവൺമെൻറ് ജീവനക്കാരിൽ 40 ലക്ഷത്തിലധികം പേരും പണിമുടക്കി. ബാങ്കിംഗ്—എൽ. ഐ. സി. അടക്കമുള്ള ധനമിടപാട് മേഖല അപ്പാടേ സ്തംഭിച്ചു. ഫൈനാൻഷ്യൽ എക്സ്പ്രസ് ഒന്നാം പേജിൽ പ്രാധാന്യത്തോടെ കൊടുത്ത വാർത്ത ''പണിമുടക്ക് സാമ്പത്തിക മേഖലയെ തളർത്തി'' എന്നാണ്. ഈ മേഖലയിൽ നിന്ന് 13 ലക്ഷത്തിൽപ്പരം ജീവനക്കാർ പണിമുടക്കിൽ അണിച്ചേർന്നിട്ടുണ്ടെന്ന് ഫൈനാൻഷ്യൽ എക്സ്പ്രസ് സമ്മതിക്കുന്നു.

പണിമുടക്കുകളെ സ്ഥിരമായി എതിർത്തുപോരുന്ന കുത്തകപ്പത്രങ്ങൾക്കും സെപ്ത: 29 ന്റെ പണിമുടക്ക് എല്ലാമേഖലകളെയും ബാധിച്ചുവെന്ന് പറയേണ്ടിവന്നു. ഇന്ത്യൻപത്രങ്ങളെ വിഴുങ്ങാൻ വിദേശപത്രങ്ങളെ കൊണ്ടുവരുന്ന 'മൻമോഹനിസ'ത്തിന്റെ രുചി പത്രസ്ഥാപനങ്ങളും അറിഞ്ഞുവരികയാണല്ലോ.

വിദ്യാഭ്യാസ രംഗമാകെ താറുമാറാക്കുന്ന വികലമായ പരിഷ്കാരങ്ങളുടെ പിന്നിൽ കേന്ദ്രഗവൺമെന്റിന്റെ നയങ്ങളുടെ പ്രതിഫലനമാണുള്ളത്. പണിമുടക്കിൽ പങ്കെടുത്ത് ഈ നയങ്ങൾക്കെതിരേയുള്ള ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ച എല്ലാ അധ്യാപകരേയും എകെപിസിടിഎ അഭിവാദ്യം ചെയ്യുന്നു.

യുണ്ട്. പരിമിതമായ എണ്ണം കുട്ടികൾ മാത്ര
മുള്ളതിനാൽ ഈ ഉയർന്ന പഠന രീതിക്ക് അവി
ടെ സൗകര്യമുണ്ടാകുന്നു. എന്നാൽ 500-1000
കുട്ടികൾ P. D. C. ക്ക് പഠിക്കുന്ന ബഹുഭൂരി
പക്ഷം കോളെജുകളിലും ഇത്തരം പഠനസൗകര്യ
വും സാവകാശവും ലഭ്യമല്ല. പഠിക്കുവാനും
പഠിപ്പിക്കുവാനുള്ള ഭൗതികസാഹചര്യങ്ങൾ മെ
ച്ചപ്പെടുത്താതെ സിലബസ് പരിഷ്കരണം
മാത്രം നടത്തിയാൽ പഠനവും പരീക്ഷയും വെ
റും പ്രഹസനമാകാതെ നിവർത്തിയില്ല.

കാലഹരണപ്പെട്ട പഠനസമ്പ്രദായങ്ങളും
കരികുലവും മാറേണ്ടത് ഏതൊരു സമൂഹത്തി
ന്റേയും വികസനത്തിന് ആവശ്യമാണ്. സ്
കൂൾ തലം തൊട്ടുള്ള പരിപാടിയായ സിലബ
സ് പരിഷ്കരണം ആണ് അഭികാമ്യമായത്.
ആ നിലയ്ക്കാണ് കഴിഞ്ഞ ഏതാനും വർഷ
ങ്ങളിലായി സ്കൂൾ ക്ലാസ്സുകളിലെ സില
ബസ് N. C. E. R. T നിർദ്ദേശമനുസരിച്ചു
പരിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്ന
ത്. പല വിഷയങ്ങളിലേയും സിലബസ്
പരിഷ്കരണം ഈ തലങ്ങളിൽ വേണ്ടത്ര അനു

യോജ്യമായതല്ലെങ്കിലും താരതമ്യേന അഭികാമ്യ
മായ മാററം ഒരു തുടർപ്രക്രിയ എന്ന നിലയിൽ
നമ്മുടെ സംസ്ഥാനത്ത് നടത്തി വരുകയാണ്.
അതിന്റെ ഭാഗമായി പത്താം ക്ലാസിലെ സില
ബസ് പരിഷ്കരണം ഈ വർഷം നിലവിൽ
വന്നിരിക്കുകയാണ്. ഈ വർഷത്തെ S. S. L. C
പരീക്ഷ ജയിച്ചു വരുന്ന വിദ്യാർത്ഥികൾക്ക്,
ഒരു തുടർച്ച എന്ന നിലയിൽ നിലവിലുള്ള
P. D. C. സിലബസിൽ മാററം വരുത്തേണ്ടത്
യുക്തിസഹവും ശാസ്ത്രീയവുമത്രേ. അതി
നായി വരും വർഷത്തേക്കുവേണ്ടി, ആവശ്യമാ
യത്ര സമയമെടുത്ത് സിലബസ് പരിഷ്കര
ണത്തെ കുറിച്ചു ആലോചിക്കുകയാണ് വേണ്ട
ത്. അതിനുപകരം ഈ വർഷംതന്നെ പി. ഡി.
സി. സിലബസ് പരിഷ്കരിക്കുവാനും ഒന്നാം
വർഷ പരീക്ഷ വേണ്ടെന്നു വയ്ക്കുവാനുമുള്ള
തീരുമാനം I. U. C. C. ധൃതി പിടിച്ചെടുത്തത്
ഒരു രീതിയിലും ന്യായീകരിക്കാവുന്നതല്ല.
അക്കാഡമിക് മൂല്യങ്ങൾക്ക് പരിഗണന നൽ
കുന്ന ആരും തന്നെ സിലബസ് ഏകീകരണം
ഈ വർഷം തന്നെ നടപ്പിലാക്കണമെന്ന് വാദി
ക്കുമെന്ന് തോന്നുന്നില്ല.

ഡി. പ്രസാദ്*

# ഭാഷാപഠനം ഡിഗ്രിതലത്തിൽ

തൊഴിലധിഷ്ഠിതമായാലും, പ്രായോഗിക ലക്ഷ്യങ്ങൾ നേടുവാനുള്ളതായാലും വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമായിരിക്കണം. യു. ജി. സി. റിപ്പോർട്ടുകളിൽ പറയുന്നതും ഇതു തന്നെയാണ്. അതായത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യന്റെ വ്യക്തി സ്വരൂപത്തിന്റെ സമഗ്രവികസനമാണ്. ഇതു സാധ്യമാകണമെങ്കിൽ മനുഷ്യൻ ഏകാകിയായ ഒരു ദ്വീപല്ല എന്നും, അവൻ സമൂഹജീവിയാണെന്നും, അഭ്യസിക്കുന്ന വിദ്യ തനിക്കും സമൂഹത്തിനും പ്രയോജനപ്രദമാകണമെന്നും ഉള്ള ബോധം ഓരോരുത്തരിലും ഉണ്ടാകണം. മൂല്യങ്ങളെ അവഗണിച്ചു കൊണ്ടുള്ള വിജ്ഞാനവിനിമയം ജനശത്രുക്കളുടെയും ഖലനായകന്മാരുടെയും സൃഷ്ടിയിലായിരിക്കും ചെന്നെത്തുക.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് എല്ലാവരും അനുകൂലമായിരിക്കെ, ഈ മൂല്യങ്ങൾ എങ്ങിനെ വിദ്യാർത്ഥികൾക്കു പകർന്നു കൊടുക്കാം എന്നാണ് അടുത്തതായി ചോദിക്കേണ്ടത്.

ഇതു മധുരഗുളികകളാക്കി വായിലിട്ടു കൊടുക്കുകയോ, ഗോവസൂരി പ്രയോഗം പോലെ വിദ്യാർത്ഥികൾക്കെല്ലാം ഓരോ ഡോസ് മൂല്യവാക്സീൻ (Value Vaccine) കൊടുത്തു ശരിയാക്കുകയോ ചെയ്യാവുന്നതല്ല. സനാതന മൂല്യങ്ങളും സദാചാരമൂല്യങ്ങളും പഠിപ്പിക്കുവാൻ ക്ലാസ്സുകൾ നടത്തിയാൽ മതിയോ? സിലബസിൽ മൂല്യബോധം എന്നു പറഞ്ഞ് സമയം മാററിവച്ചാൽ മതിയോ? അത്തരം ക്ലാസുകൾ കേൾക്കാൻ കുട്ടികളുണ്ടാവുമോ? ഇല്ല എന്നു തന്നെ ഉത്തരം.

ഒരു പൂവു വിടരുന്നത് പോലെ, അതിന്റെ സൗരഭ്യം പ്രസരിക്കുന്നതു പോലെ സ്വാഭാവികമായി വിദ്യാർത്ഥിയിൽ നിറയേണ്ടതാണ് മൂല്യബോധം. അത് അവനറിയാതെ തന്നെ അവന്റെ ആത്മാവിന്റെ ഭാഗമാകേണ്ടതാണ്. മൂല്യങ്ങളുടെ തരംഗലീലയിൽ അവനും ഒരു കുഞ്ഞലയായി ചേർന്നുനിൽക്കണം. കല്ലെറിഞ്ഞും, വടിയെടുത്തും വലിയ വാക്കുകളുടെ മഹാപ്രവാഹമുണ്ടാക്കിയും വിദ്യാർത്ഥിയുടെ മനസ്സിൽ മൂല്യബോധം സൃഷ്ടിക്കുവാൻ സാധ്യമല്ല.

പിന്നെ മാർഗ്ഗമെന്താണ്? മാർഗ്ഗമുണ്ടോ? മാർഗ്ഗമുണ്ട്. അവിടെയാണു ഭാഷാപഠനത്തിന്റെ പ്രസക്തി. ഡിഗ്രിതലത്തിൽ രണ്ടാം വർഷംവരെ, ഐച്ഛികവിഷയം എന്തുതന്നെ ആയാലും ഭാഷാപഠനം വേണമെന്നു നിഷ്കർഷിച്ചവർ ദീർഘവീക്ഷണമില്ലാത്തവരായിരുന്നില്ല. ഭാഷപഠിപ്പിക്കുമ്പോൾ, ഭാഷയും സാഹിത്യവും, എന്നു പറയുമ്പോൾ, ചാതുര്യത്തോടെ തയ്യാറാക്കപ്പെടുന്ന ഒരു സിലബസ് അനുസരിച്ചാണെങ്കിൽ ജീവിതത്തിന്റെ സമസ്ത ഭാവങ്ങളും ഒരു വിദ്യാർത്ഥിയുടെ മുമ്പിൽ അവതരിക്കപ്പെടുകയാണ്. സദാചാരപ്രസംഗങ്ങളില്ലാതെ, ഗിരിപ്രഭാഷണങ്ങളില്ലാതെ, ജീവിതമൂല്യങ്ങൾ അവനുമുമ്പിൽ സംഘനൃത്തം നടത്തുന്നു. അവനറിയാതെതന്നെ അവനറിയുന്നു, ഉൾക്കൊള്ളുന്നു, സ്വാംശീകരിക്കുന്നു.

ഒരു ശാസ്ത്ര വിദ്യാർത്ഥിക്ക്, ശാസ്ത്രവും ജീവിതവുമായി എങ്ങനെ ക്രിയാത്മകമായി ബന്ധപ്പെടുത്താം എന്ന ബോധം ശാസ്ത്രക്ലാസുകളിൽ നിന്നു കിട്ടണമെന്നില്ല. വിജ്ഞാനത്തിന് മാനവികതയുടെ സൗരഭ്യം പകർന്നു കൊടുക്കുന്ന ചുമതല ഭാഷാധ്യാപകന്റേതാണ്. ചില ഉദാഹരണങ്ങൾ കൊണ്ട് തെളിയിക്കാം.

സദുദ്ദേശ്യത്തോടെ നന്നായി എഡിററു ചെയ്യപ്പെട്ട ഒരു കവിതാ സമാഹാരത്തിന് കുട്ടികളിൽ വളരെയധികം മൂല്യബോധം ഉളവാക്കാൻ കഴിയുമെന്നതിന്റെ ഉദാഹരണമായി എടുത്തു കാട്ടാൻ കഴിയുന്ന, ഒരു പുസ്തകമാണ് ഇപ്പോൾ കേരളത്തിലെ രണ്ടു യൂണിവേഴ്സി

* ഇംഗ്ലീഷ് വിഭാഗം, ശ്രീനാരായണ കോളേജ്, നാട്ടിക.

ററികളിലെങ്കിലും രണ്ടാം വർഷ ഡിഗ്രി ക്ലാസിൽ പഠിപ്പിക്കുന്ന Viewless Wings എന്ന ഇംഗ്ലിഷ് കവിതാ സമാഹാരം.

ആധുനിക മനുഷ്യനെ അലട്ടുന്ന സങ്കീർണ്ണമായ പല പ്രശ്നങ്ങളേയും കൈകാര്യം ചെയ്യുന്ന കവിതകൾ ബോധപൂർവ്വം സൂത്രബന്ധം നടത്തിയ ഒരു സമാഹാരമാണത്. എഡിററുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മനസ്സിലായി ഈ കവിതകൾ പഠിപ്പിച്ചു കഴിയുമ്പോൾ, വിദ്യാർത്ഥികളിൽ യുദ്ധങ്ങളുടെ വ്യർത്ഥതയെപ്പററിയും, ആണവവിപത്തിനെപ്പററിയും, പരിസ്ഥിതിപ്രശ്നങ്ങളെപററിയും, പിന്നെ ജീവിതമെന്ന ഗഹനസമസ്യയെപ്പററിയും ഗാഢമായ ഒരവബോധം സൃഷ്ടിക്കപ്പെട്ടിരിക്കും. അതവർക്ക് എന്നും കൈമുതലായിരിക്കുകയും ചെയ്യും.

ഒരു റാത്തൽ മാംസത്തിനായി വാശിപിടിക്കുന്ന, പലിശപ്പിശാചായ ഷൈലക്കിനെ അവതരിപ്പിക്കുമ്പോൾ വിദ്യാർത്ഥികൾ വർത്തമാനകാല യാഥാർത്ഥ്യങ്ങൾ തന്നെ ആയിരിക്കും തിരിച്ചറിയുന്നത്. അല്ലെങ്കിൽ മാക്ബത്തിലെ "I think our country sinks beneath the yoke It weeps, it bleeds, and each new day a gash is added to her wounds" എന്ന വരികൾ പഠിപ്പിക്കുമ്പോൾ വിദ്യാർത്ഥികളും അധ്യാപകനും ഒരു സമകാലീന ദുരന്തത്തിൻെറ ബോധമുൾക്കൊള്ളുകയാണ്. അവരുടെ മനസ്സിൽ അപ്പോൾ ഉണരുന്ന നാടിൻെറ ചിത്രം സ്കോട്ലണ്ടിൻെറ ആയിരിക്കില്ല. ഉണങ്ങാത്ത വ്രണമാർന്ന് ദുരിതവ്രണമാർന്ന ഹൃത്തുമായി കേഴുന്ന ഭാരതാംബയുടെ ചിത്രമായിരിക്കും. കലയുടെ കാലാതിവർത്തിയായ സ്വഭാവം ആ തിരിച്ചറിവിലേക്ക് അവരെ നയിക്കുകയാണ്.

അതുപോലെ മഹാഭാരതത്തിലെ ഏതെങ്കിലും ഒരു പർവ്വം പഠിപ്പിക്കുന്ന ഒരദ്ധ്യാപകൻ ജനിററിക് എഞ്ചിനിയറിംഗിൻെറ അപകടസാധ്യതകളെപ്പററി ഒരു ശാസ്ത്രാദ്ധ്യാപകൻെറ കാഴ്ചപ്പാടിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു കോണിലൂടെ വിശദീകരിച്ചേക്കാം.

കലാലയത്തിൽ ഭാഷകൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ ആഴവും പരപ്പുമുള്ള വായനയുടെ ഉടമകളായിരിക്കണം. ജീവിതത്തിൻെറ സഹസ്രമുഖങ്ങളുമായി അവർ ഒരു വിദൂരപരിചയമെങ്കിലും അർജ്ജിക്കണം. ശാസ്ത്രവിഷയങ്ങളും, ചരിത്രവും, രാഷ്ട്രമീമാംസയും, സാമ്പത്തിക ശാസ്ത്രവും, സിനിമയും, സയൻസ് ഫിക്ഷനും ഒക്കെ അവർക്കു പഠിപ്പിക്കേണ്ടി വരും.

ഐൻസ്ററിനെ അവതരിപ്പിക്കുന്ന അധ്യാപകൻ തന്നെ ചാർളി ചാപ്ലിനേയും അവതരിപ്പിക്കേണ്ടി വരും. കൺഫൂഷ്യസും കാറൽ മാർക്സും കണാദനും, കാളിദാസനും, ബുദ്ധനും, ക്രിസ്തുവും നീഷേയും ഫ്രോയിഡും സീസറുമെല്ലാം ഈ ഭാഷാക്ലാസുകളിൽ കൂടി കുട്ടികൾക്കു പരിചിതരാകുന്നു. സംശയം ഉള്ളവർക്ക് സിലബസ് പരിശോധിക്കാം.

ഇപ്പോൾത്തന്നെ വാണിജ്യശാസ്ത്രം പഠിക്കുന്ന കുട്ടികളുടെ സിലബസിൽ ഭാഷാപഠനം കുറച്ചിരിക്കുകയാണ്. അതിനർത്ഥം അവർക്കു കാളിദാസനും ഷേക്സ്പിയറും അന്യമായി എന്നാണ്. ആർട്സ്—സയൻസ് വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കൊപ്പം തന്നെ മനുഷ്യസംസ്കൃതിയുടെ ദീപസ്തംഭങ്ങളായ മഹാമനസ്സുകളെ പരിചയപ്പെടാനുള്ള അവസരം അവർക്കും നൽകണം. കമ്പോള സമ്പദ്‌വ്യവസ്ഥയുടെ ഖന്യതയിൽ അവർക്കു മാനവികത കൈമോശം വരാതിരിക്കട്ടെ.

വിജ്ഞാന വിസ്ഫോടനത്തിൻെറ ഈ കാലഘട്ടത്തിൽ ഐച്ഛിക വിഷയങ്ങൾക്കു കൂടുതൽ സമയം നൽകണം എന്ന ഒരു വാദം ഉയർന്നു വരാം. അതിന് പരിഹാരമുണ്ട്. അധ്യാപന സമയം ആഴ്ചയിൽ 25 മണിക്കൂറിൽ നിന്നും 30 ആയി ഉയർത്തുക. ഓരോ മാസവും അങ്ങിനെ കുറഞ്ഞത് 20 മണിക്കൂറെങ്കിലും ഐച്ഛിക വിഷയങ്ങൾ പഠിപ്പിക്കുവാനായി കൂടുതൽ ലഭ്യമാകും. ഒന്നാം ഭാഷക്കും രണ്ടാം ഭാഷക്കുമുള്ള സമയം ഇന്നത്തെപ്പോലെ തന്നെ നിലനിർത്താം.

ഭാഷാ പഠനത്തിൻെറ ആവശ്യകതയെപ്പററി, അതിൻെറ സാധ്യതകളെപ്പററി ബോധവാന്മാരായ ആരും തന്നെ ഡിഗ്രിതലത്തിൽ നിന്നും ഭാഷാപഠനം ഒഴിവാക്കണമെന്നു വാദിക്കയില്ല. ഒഴിവാക്കിയാൽ സദ്ഭാവങ്ങൾ സർവ്വവും അന്യം നിന്ന, സ്വാർത്ഥതയുടെ മൂർത്ത രൂപങ്ങളായി മാത്രം പെരുമാറുന്ന ആധുനിക ഫ്രാങ്കിൻസ്ററീൻ ഭൂതങ്ങളുടെ സൃഷ്ടികർമ്മമായിരിക്കും ഇവിടെ നടക്കുന്നത്.

# മൂന്ന് യൂണിവേഴ്സിററികൾക്കു മുമ്പിലും സമരം

അൺഎയ്ഡഡ്–ഓട്ടോണമസ് സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാനും ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷ നിർത്തലാക്കാനും അശാസ്ത്രീയമായി സിലബസ് പരിഷ്ക്കരിക്കുവാനുമുള്ള നീക്കങ്ങളിൽ പ്രതിഷേധിച്ച് മൂന്ന് യൂണിവേഴ്സിററികൾക്കു മുമ്പിലും അധ്യാപകർ കൂട്ടധർണ നടത്തി. കോളേജധ്യാപക 'സംയുക്തസമര സമിതിയുടെ നേതൃത്വത്തിലായിരുന്നു സമരം. സർവ്വകലാശാലകളുടെ ഓട്ടോണമി സംരക്ഷിക്കണമെന്ന് സമരസമിതി ആവശ്യപ്പെട്ടു.

കേരള സർവ്വകലാശാലയ്ക്കു മുമ്പിലെ ധർണ പ്രൊഫ. ഒ. എൻ. വി. കുറുപ്പ് ഉദ്ഘാടനം ചെയ്തു. ഭരണമെഴിയും മുമ്പ് ഈടുവയ്പുകൾ വരെ വിററുകാശാക്കാനാണ് കേരളത്തിലെ ഭരണക്കാർ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

എൻ. ജി. ഒ. യൂണിയൻ നേതാവ് ബി. കെ. വിശ്വംഭരൻനായർ, കെ. ജി. ഒ. എ. ജില്ലാസെക്രട്ടറി ശശികുമാരൻ നായർ, എ കെ പി സി ടി എ ജനറൽ സെക്രട്ടറി കെ. സദാശിവൻനായർ, എ കെ ജി സി ടി ജനറൽ സെക്രട്ടറി പി. കെ. മാധവൻനായർ, കെ. എസ്. ടി. എ. ജനറൽ സെക്രട്ടറി കെ. ബാലകൃഷ്ണൻ നമ്പ്യാർ എന്നിവർ സംസാരിച്ചു.

കോഴിക്കോട്ട് ധർണ എ കെ പി സി ടി എ മുൻപ്രസിഡൻറ് പ്രൊഫ. വി. നാരായണൻ കുട്ടി ഉദ്ഘാടനം ചെയ്തു. എ. കെ. പ്രേമനും, ഡോ. എൻ. വി. പി. ഉണിത്തിരി, അശോകൻ, വി.പി. സദാനന്ദൻ, ടി.വി. ബാലൻ, സി. ജെ. ശിവശങ്കരൻ, ദിനേശൻ, പി. വി. ചന്ദ്രമോഹൻ, സി. പി. അബുബേക്കർ എന്നിവർ സംസാരിച്ചു.

---

വിദ്യാഭ്യാസത്തെപ്പററി വിശ്രുത ചരിത്രകാരനായ വിൽഡുറണ്ട് അദ്ദേഹത്തിൻെറ The Lessons of History യിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു വാക്യം ഉദ്ധരിച്ചുകൊണ്ട് ഇതിനു ഭരതവാക്യം ചൊല്ലാമെന്നു കരുതുന്നു.

"Consider education not as the painful accumulation of facts and dates and reigns not merely the necessary preparation of the individual to earn his keep in the world, but as the transmission of our mental. moral, technical and aesthetic heritage as fully as possible to as many as possible, for the enlargement of mans understanding, control and embellishment of life"

പൈതൃകത്തിൻെറ ആത്മസത്ത പകരേണ്ടത് ഭാഷയിലൂടെയാണ് മൂല്യബോധം നൽകേണ്ടതും ഭാഷയിലൂടെയാണ്. മൂല്യബോധം നൽകണമെന്നു പറയുന്ന യു. ജി. സി. തന്നെ ഭാഷാപഠനം വേണ്ട എന്നു പറയുമ്പോൾ മുഹമ്മദ്ബിൻ തുഗ്ലക്കും നമ്മുടെ നാട്ടുകാരനായിരുന്നു എന്നോർത്തു സമാധാനിക്കാം. □

*WITH BEST WISHES FROM*

## ***STAMINA STEEL INDUSTRIES Pvt. Ltd***

(Manufacturers of Auto Leaf Springs)

Phone { Factory : 220 Cherukunnu
MD (Res) : 280 Cherukunnu

P.B. No.5, CHERUKUNNU
KANNUR, KERALA

*With the best compliments from*

## **Raj-am Printers**

**CCSB Road**

**West of Iron Bridge**

**ALAPUZHA**

**Phone: 62859**

**AND**

## **Rajas**

**Mullakkal**

**ALAPUZHA**

**Phone: 61552**

## AKPCTA പ്രവർത്തക ക്യാമ്പ്

# പുത്തൻ വിദ്യാഭ്യാസനയത്തിനെതിരേ പൊരുതുക:

ജ. വി. ആർ. കൃഷ്ണയ്യർ

വിദേശ കുത്തകകൾക്ക് വൻ നിക്ഷേപം നടത്തി ചൂഷണം ചെയ്ത് ലാഭമുണ്ടാക്കാനുള്ള പശ്ചാത്തലം സാംസ്കാരിക മേഖലയിലും അധികാരികൾ സൃഷ്ടിക്കുകയാണെന്നു ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ പറഞ്ഞു.

ആലുവ വൈ. എം. സി. എ ക്യാമ്പ് സെന്ററിൽ എ കെ പി സി ടി എ സംസ്ഥാനപ്രവർത്തക ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇതിനനുകൂലമായി ചിന്തിക്കുന്നവരുടേതായ ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പുതിയവിദ്യാഭ്യാസനയവും സമ്പ്രദായവും കരുപ്പിടിപ്പിച്ചിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ രാജ്യദ്രോഹപരമാണ്. വിദ്യാഭ്യാസമേഖലയിൽനിന്ന് സാമൂഹ്യനിയന്ത്രണം പിൻവലിക്കുമ്പോൾ വിദ്യാഭ്യാസം വളരെ ചിലവേറിയതാകുന്നു. അങ്ങനെ, പാവപ്പെട്ടവർക്ക് അത് അപ്രാപ്യമാകുന്നു.

ധനികർക്കുവേണ്ടി ധനികർ നടത്തുന്ന ഒരു കാര്യമായി വിദ്യാഭ്യാസം മാറിക്കൊണ്ടിരിക്കുന്നു. ഒരു 'വൈറ്റ് ഇന്ത്യൻ കൾച്ചർ' സൃഷ്ടിക്കാനുള്ള തന്ത്രമാണ് നടത്തുന്നത്. ഈ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് അൺ എയ്ഡഡ് കോളേജുകൾ സ്ഥാപിക്കുവാൻ നടത്തുന്ന നീക്കങ്ങൾ. ഇതിന്റെ തന്നെ ഭാഗമായിട്ടേ ബ്യൂറോക്രസിക്ക് പൂർണ്ണനിയന്ത്രണം വിട്ടുകൊടുക്കുന്ന ഏകീകൃത സർവകലാശാലാനിയമത്തെയും കാണാൻ കഴിയൂ. യാതൊരു നിയന്ത്രണവുമില്ലാത്ത അൺഎയ്ഡഡ് കോളേജുകൾ ധനസമ്പാദനത്തിനുള്ള വിദ്യാഭ്യാസപരമായ രൂപം മാത്രമാണ്. ഇവ വെറും പിടിച്ചുപറി കോളേജുകൾ മാത്രമാണ്. ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യവും നമ്മുടെ സാംസ്കാരിക പാരമ്പര്യവും സംരക്ഷിക്കുന്ന വിദ്യാഭ്യാസം ആണ് ഇന്നാവശ്യം.

വിദേശ വ്യാപാരക്കമ്പനികൾക്ക് നിയമപരമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവർക്കുവേണ്ടി വാദിക്കാൻ 'ട്രേഡ് റിലേറ്റഡ് സർവീസ്' എന്ന രൂപത്തിൽ വിദേശഅഭിഭാഷകർ നിയോഗിക്കപ്പെടും. ഗാട്ട്കരാർ അതിനുള്ള അവസരം ഒരുക്കുന്നുണ്ട്. ഇന്ത്യയിലെ അഭിഭാഷകരുടെ നിലനില്പിനെ ഇതു പ്രതികൂലമായി ബാധിക്കും. നമ്മുടെ അഭിഭാഷകർ ഈ അപകടം മനസ്സിലാക്കിവരുന്നതേയുള്ളൂ. വിദേശപത്രസ്ഥാപനങ്ങൾ ഇന്ത്യൻ പത്രപ്രവർത്തനരംഗം കൈയടക്കും എന്ന അവസ്ഥ വന്നുചേർന്നപ്പോൾ മാത്രമാണ് നമ്മുടെപത്രങ്ങൾ ഗാട്ട് കരാറിന്റെ അപകടത്തെക്കുറിച്ചു സംസാരിച്ചു തുടങ്ങിയത്. ഗാട്ട് ഉടമ്പടിയെ പാടിപ്പുകഴ്ത്തിയവർ ഇപ്പോൾ അതിന്റെ അപകടം സൂചിപ്പിച്ചുതുടങ്ങുന്നു.

നാം നേടിയ സ്വാതന്ത്ര്യവും ജനാധിപത്യവും ഹനിക്കുന്ന പുത്തൻ വിദ്യാഭ്യാസനയത്തിനെതിരായി എല്ലാവിഭാഗം ജനങ്ങളേയും അണിനിരത്തിക്കൊണ്ട് ഒരു രണ്ടാം ക്വിറ്റിന്ത്യാപ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ അധ്യാപകർ നേതൃത്വം കൊടുക്കണം. ഇതാണ് അദ്ധ്യാപക സംഘടനകളുടെ ഇന്നത്തെ അടിയന്തിര കടമ - കൃഷ്ണയ്യർ പറഞ്ഞു.

ഉദ്ഘാടനസമ്മേളനത്തിൽ പ്രൊഫ. എൻ. ജി. വർഗീസ് അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. ജയ്ജോബ് കുളവേലിൽ സ്വാഗതവും പ്രൊഫ. സി. ജെ. ശിവശങ്കരൻ കൃതജ്ഞതയും പറഞ്ഞു. ജനറൽസെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

# ചോദ്യോത്തരങ്ങൾ

## പി ഹരിദാസൻ

### ഫിറോസ് നാട്ടിക

*ചോദ്യം:* കേന്ദ്രപാരിററി നടപ്പിലാക്കികൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ പാർട്ട്ടൈം ലാ ലക്ചറർമാരുടെ ശമ്പളം രൂപ 1450 (fixed) എന്നാണ് കാണിച്ചിരുന്നത്, എന്നാൽ ഇത് 1200 രൂപയായി കുറവു ചെയ്തു എന്നു പറയുന്നു. ശരിയാണോ?

*ഉത്തരം:* ശരിയാണ്. 25-9-93ലെ സർക്കാർ ഉത്തരവുപ്രകാരം പാർട്ട്ടൈംലാലക്ചറർമാരുടെ ശമ്പളം നിലവിലുള്ളത് 1000 എന്നും, പുതുക്കി നിശ്ചയിച്ചത് 1450 എന്നുമാണ് കാണിച്ചിരുന്നത്. എന്നാൽ ഇതൊരു പിശകാണെന്നും, അവരുടെ പുതുക്കി നിശ്ചയിച്ച ശമ്പളം 1200 രൂപ (fixed) ആണെന്നും സർക്കാർ മറെറാരുത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. പുതിയ ഉത്തരവ് GO(MS) No. 253/94(9) Fin dt 19-3-94 ജേർണലിൽ അന്യത്ര പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### സുരേഷ് കൊല്ലം

*ചോദ്യം:* പന്ത്രണ്ടുവർഷം സർവ്വീസുള്ള ഒരു അദ്ധ്യാപകനാണ്. യൂ ജീ സി സ്ക്കീമിൽ വരും. യൂ ജീ സി സ്കെയിലിൽ 1-9-94 മുതൽ 3400 രൂപ ശമ്പളമുണ്ട്. 89-90 കാലഘട്ടത്തിൽ ആറുമാസക്കാലം ഞാൻ മെഡിക്കൽ ഗ്രൗണ്ടിൽ ശമ്പളമില്ലാത്ത അവധിയിലായിരുന്നു. ഇംക്രിമെൻറ് തീയതിയിൽ മാററമില്ലാതിരുന്നുവെങ്കിലും, യൂ ജീ സി സ്കെയിലിൽ എൻെറ ശമ്പളം ഫിക്സ് ചെയ്തപ്പോൾ, മേൽ പറഞ്ഞ അവധിക്കാലം സർവ്വീസായി പരിഗണിച്ചില്ല. ഇതു മൂലം ശമ്പള നിർണ്ണയ കാര്യത്തിൽ ആറുമാസത്തെ സർവ്വീസ് എനിക്ക് നഷ്ടപ്പെട്ടു. കുടിശ്ശിക ലഭിച്ചില്ലെന്നു മാത്രമല്ല ഇംക്രിമെൻറ് തീയതിയും മാറി. ഇതിനു വല്ല പരിഹാരവുമുണ്ടോ?

*ഉത്തരം:* തീർച്ചയായും പരിഹാരം ഉണ്ട്. ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് പുറപ്പെടുവിച്ച 26784/B2/92/H: Edn. dt. 12-10-93 എന്ന സർക്കുലർ പ്രകാരം മെഡിക്കൽ ഗ്രൗണ്ടിലെടുക്കുന്ന ശമ്പളമില്ലാ അവധി ഡ്യൂട്ടിയായി പരിഗണിച്ച് സ്കീമിൽ പ്ലേസ്മെൻറ് നൽകണമെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. സ്കീമിലെ പ്ലേസ്മെൻറും ശമ്പളവും പുനർനിർണ്ണയം നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ എത്രയും വേഗം തയ്യാറാക്കിച്ച് കോളേജിൽനിന്നും ബന്ധപ്പെട്ട അധികൃതർക്കു നൽകുക. കുടിശിക ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും താങ്കൾക്കു ലഭിക്കാൻ അർഹതയുണ്ട്. ഇതു സംബന്ധിച്ച സർക്കുലറിൻെറ കോപ്പി 1994 ജൂലൈ ലക്കം ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### സരസ്വതി കൊല്ലം

*ചോദ്യം:* പ്രോവിഡണ്ട്ഫണ്ടിൽ അംഗമാണ്. പ്രതിമാസം 1500 രൂപവീതം അടയ്ക്കുന്നു. ഇപ്പോൾ അത് 500 രൂപയായി കുറക്കണമെന്നുണ്ട്. കോളേജിൽ അന്വേഷിച്ചപ്പോൾ ഒരോ കൊല്ലവും മാർച്ചു മാസത്തിൽ മാത്രമേ അങ്ങിനെ ചെയ്യാൻ സാധിക്കൂ എന്നു പറയുന്നു. ഇതു ശരിയാണോ?

*ഉത്തരം:* സ്വകാര്യ കോളേജദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം പ്രോവിഡണ്ട് ഫണ്ടിനെ സംബന്ധിക്കുന്ന നിയമങ്ങൾ യൂണിവേഴ്സിററി സ്റററ്യൂട്ടിലാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ ചട്ടങ്ങൾ പലതും ജനറൽ പ്രോവിഡണ്ട് ഫണ്ടിനുള്ളതുതന്നെയാണ് നമുക്കും ബാധകമാക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നമുക്കു ബാധകമാണ്.

സർക്കാർ ഈ അടുത്തകാലത്തു പുറപ്പെടുവിച്ച G O (P) No. 824/93/Fin dt. 15-11-93 പ്രകാരം GPF ൽ അംഗമായിരിക്കുന്ന ഒരു വ്യക്തിക്ക് ആണ്ടിൽ എപ്പോഴെങ്കിലും ഒരു പ്രാവശ്യം Subscription തുക കുറയ്ക്കുന്നതിനും അതുപോലെ ആണ്ടിൽ എപ്പോഴെങ്കിലും രണ്ടു പ്രാവശ്യം തുകകൂട്ടുന്നതിനും അവകാശമുണ്ട്. ഈ ഉത്തരവിൻെറ പ്രയോജനം നമുക്കും ഉപയോഗപ്പെടുത്താവുന്നതാണ്, ഉത്തരവിൻെറ പൂർണ്ണരൂപം ജേർണലിൽ കൊടുത്തിട്ടുണ്ട്.

## ശമ്പളം നല്കണം: ഹൈക്കോടതി

നാട്ടിക ശ്രീനാരായണ കോളേജ് അദ്ധ്യാപിക കെ. സരോജിനിയുടെ ശമ്പളം തൃശൂർ ഡെ. ഡി. സി. ഇ. തടഞ്ഞിരുന്നു. സ്ഥലംമാറിവന്ന ടീച്ചറിന് മുൻകൂട്ടിയുള്ള അനുവാദമില്ലെന്നു പറഞ്ഞാണ് ശമ്പളം വെട്ടിയത്. റിട്ടയർമെൻറു വേക്കൻസിയിലേക്കായിരുന്നു സ്ഥലംമാററം. തടഞ്ഞുവച്ച ശമ്പളം നല്കാൻ ബഹു: ഹൈക്കോടതി ഉത്തരവു നല്കി.

IN THE HIGH COURT OF KERALA AT ERNAKULAM

Present:

The Honourable Mr. Justice T. V. Ramakrishnan

Thursday the 8th day of September 1994 / 17th Bhadra, 1916

C M. P. No. 21404 / 94 in O. P. No. 12074 / 94 K

Petitioner :- Petitioner in O. P.

K. Sarojini, Lecturer (Selection Grade)
in Mathematics, S. N. College, Nattika

Vs.

Respondents :- Respondents in OP.

1. State of Kerala, represented by its Chief Secretary, Trivandrum
2. Commissioner and Secretary, Higher Education, Trivandrum
3. University of Calicut, represented by its Registrar, Calicut
4. Director of Collegiate Education, Trivandrum
5. Deputy Director Collegiate Education, Trichur
6. S N. Trusts, represented by its Commissioner, Quilon
7. Principal, S. N. College, Nattika.

Petition praying that in the circumstances stated in the affidavit filed along with the O. P. the High Court be pleased to direct the Respondents to pay the petitioner her salary provisionally subject to the result of the Original Petition, pending disposal of the Original petition.

This petition coming on for orders upon perusing the petition and the affidavit filed in suport of O. P. and upon hearing the arguments of Mr. Balagovindan, Advocate for the petitioner, and of Govt. Pleader for R1, R2, R4 and R5 the court passed the following :

ORDER

Govt. Pleader takes notice on behalf of R1, R2, R4 and R5 notice to R3, R6 and R7.

There will be a direction to pay salary to the petitioner provisionally subject to further orders in the O. P. regarding recovery, if any to be ordered on the basis of the orders to be passed by the Director of Collegiate Education.

Sd/-
T. V. Ramakrishnan
Judge.

8-9-1994

/ true copy /

Compliments from

# BLISSOTEL

**Triprayar**
**Trichur (Dt)**

FOR ALL BOOKS, LAB EQUIPMENTS, SPORTS GOODS, TOYS & CARDS

## T B S PUBLISHERS' DISTRIBUTORS

**G. H. Road, Calicut, Phone : 60085**

Use **WISDOM GUIDES** fo the best result.
**WISDOM GUIDES** are available for all languages and subjects prepared as per the latest syllabus of calicut university.

All books published in Malayalam are available at

## POORNA PUBLICATIONS

**G. H. Road, Clt.**

**TBS TBS TBS TBS TBS TBS**

# U G C Panel to Reviewpay Scales

The University Grants Commission (UGC), New Delhi, has appointed a committee to review the pay scales of university and college teachers all over the country. It has taken this step in consultation with the Ministry of Human Resource Development (MHRD)

Prof. Rastogi, former Vice- Chancellor, Banaras Hindu University,is the Chairman of the committee. The other members are: Dr. V.C. Kulandaiswamy, former Vice-Chancellor, Indira Gandhi National Open University, Prof. Barua, former Vice-Chancellor, Gauhati University, Dr. Kanta Ahuja, currently Vice-Chancellor, Ajmer University, one representative each from the MHRD and the Finance Ministry and the Secretary,UGC who will be the member-secretary.

The first meeting of the committee took place in New Delhi on October 4 and 5 and it was decided to include three principals of colleges as members which will take the membership to ten. The committee has started its work of preparing the questionnaire to be sent to the universities and colleges and other academic bodies and inviting responses from them. The other stages will include meeting with people interested in education in different parts of the country and the various teachers' associations including the All-India Federation of University and College Teachers' Organisations (AIFUCTO) Only after this, the question of suggesting scales of pay for different categories of college and university teachers will arise.

It is expected that by this time, the Central Pay Commission under the chairmanship of Mr. Justice Ratnavel Pandian, former Judge of the Supreme Court,will have formulated the pay scales ofthe different cadres in the CentralGovernment. Just as in the case of the last UGC revision of payscales (under the Mehrotra Committee) in 1986, the availability of the Central pay Commission report will help in striking a sort of parity between the categories of employees in both the non-academic and academic fields. Anyway this will substantially influence the decision of the UGC panel.

The recently formed UGC committee has been given one year to formulate its recommendations but it is doubtful if this period is enough to complete the task according to knowledgeable sources.

"There are over 200 universities including those institutions deemed to be universities and 8000colleges in the country with a total student population of nearly five million.

The number of teachers comes to nearly 280,000 and of these about 65.000 work in the Universitites in the rank of professors, readers and lecturers

The last pay revision for the university and college teachers was done in 1986 when the lecturers were placed on par with Class I officers in Central Government service.

Promotional avenues for the different categories of teachers were also enlarged enabling the sliding up of the pedagogues from one scale to the next higher one without difficulty. The earlier pay revisions were implemented in 1977 and 1966

(The Hindu Oct. 12)

# കോഴിക്കോട് യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പ്

## എ കെ പി സി ടി എ സ്ഥാനാർത്ഥികൾ

| | | |
|---|---|---|
| 1 | ശ്രീ. കെ പി ബാലകൃഷ്ണൻ | എൻ എസ് എസ് കോളേജ് നെന്മാറ |
| 2 | ,, പി വി ചന്ദ്രമോഹൻ | മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട് |
| 3 | ,, ഇ ദാമോദരൻ | പയ്യന്നൂർ കോളേജ്, പയ്യന്നൂർ |
| 4 | ,, ജോർജ് എസ് പോൾ | ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട |
| 5 | ,, എ എം കൃഷ്ണൻ | എസ് എൻ കോളജ്, നാട്ടിക |
| 6 | ശ്രീമതി എൻ കോമളവല്ലി | എം ഇ എസ് കോളേജ്, പൊന്നാനി |
| 7 | ശ്രീ. പി മമ്മദ് | പി എസ് എം ഒ കോളേജ്, തിരൂരങ്ങാടി |
| 8 | ,, കെ ആർ മോഹൻദാസ് | എം ഇ എസ് കോളേജ്, മണ്ണാർക്കാട് |
| 9 | ,, എൻ മോഹൻദാസ് | ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ |
| 10 | ,, എം കെ. പത്മനാഭൻ | സെൻറ് തോമസ് കോളേജ്, തൃശ്ശൂർ |
| 11 | ,, ജി പ്രകാശ് | എൻ എസ് എസ് കോളേജ്, മഞ്ചേരി |
| 12 | ,, എം സലിം | ഫറൂക്ക് കോളേജ്, ഫറോക്ക് |
| 13 | ,, ടി ശശിധരൻ | എസ് എൻ കോളേജ്, കണ്ണൂർ |
| 14 | ,, ടി കെ തോമസ് | സെൻറ് മേരീസ് കോളേജ്, സുൽത്താൻബത്തേരി |


## The Vengeri Service Co-operative Bank Ltd No. 2714

**P. O. Vengeri, Calicut 10 BRANCH : CIVILSTATION, CALICUT 20**

"We are not talking about ourselves, but the numbers will"

| | Asper last Audit Report (1990-91) | (Rs in Lakhs) At the end of June, 1994 |
|---|---|---|
| * No. of Members | 13508 | 14131 |
| * Paid up Share Capital | 12 | 17 |
| * Deposits | 174 | 410 |
| * Loan outstanding | 178 | 280 |
| * Working Capital | 210 | 430 |

"Distribute divident amohg members for last 16 years"

**M. SREEDHARAN**
PRESIDENT

**K. RARICHAKUTTY**
SECRETARY

GOVERNMENT OF KERALA

Adstract

Pay Revision 1993-Fixed pay of Part-Time Lecturers of Law & Journalism in Arts and Science Colleges-Revision of fixed pay-Amendment-Orders issued

FINANCE (PRC C) DEPARTMENT

G. O. (Ms) No. 253/94 (9)/Fin. Dated, Thiruvananthapuram, 19-3-94

Read:- G. O. (P) No. 600/93/ Fin. dt. 25-9-1993

## ORDER

In the G. O. read above, the scales of pay of Government Employees have been revised with effect from 1-3-1992.

(2) It has now come to the notice of Government that the pre-revised fixed pay of part-time Lecturers in Law and Journalism in Arts and Science Colleges was Rs. 1000/- and not Rs. 1450/- as shown in the G. O. cited.

(3) Government have examined the matter and order that the pre-revised and revised fixed pay of part-time Lecturers in Law/Journalism shown in Annexure II under "15 Education" on page 18 of the G. O. read is hereby corrected as Rs. 1000/- (fixed pay) and Rs. 1200 (fixed pay) respectively.

(4) These orders will have effect from 1-3-1992.

(By order of the Governor)

N. RAMACHANDRA PANICKER
Additional Secretary (Finance)

To

The Accountant General (A&E/Audit) Kerala, Trivandrum.
The Director of Collegiate Education, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.
The Deputy Director of Collegiate Education, Quilon, Kozhikode, Thrissur, Kottayam, Ernaknlam.
The Deputy Secretary to Chief Secretary.
The Under Secretary to Commissioner and Secretary (Finance).

Forwarded / By Order,

Section Officer.

GOVERNMENT OF KERALA

No. 21647/92/94/ H Edn.

Higher Education (B) Department.

Thiruvananthapuram, Dated 28/9/1994

From

The Secretary to Government

To

The Director of Collegiate Education, Thiruvananthapuram.

Sir,

Sub :- Disposing of complaints/Anomalies regarding placement and fixation-request-reg.

Ref :- Your letter No. UGC Cell 1 (i) 38866/94/Coll. Edn dated 6/8/1994.

I am directed to invite your attention to the reference cited and to inform you that after detailed discussion on the demands to the All Kerala Private College Teachers Association on 9/8/1994 the following decision were taken :

(1) Calculation of work load and placement after 1/1/86 will be taken up urgently. The DCE will move Government if any Government orders are necessary in this respect.

(2) The Director of Collegiate Education will furnish necessary proposal for extending the benefit of UGC Scheme/Scales to teachers who were working in leave vacancies and regularised after 13/3/90

(3) Director of Collegiate Education will furnish necessary proposal for granting exemption to teachers from National Eligibility rest to the teachers who were appointed against temporary vacancies before 13-3-90 and reappointed after 13-3-90.

(4) The question of delegating the power of granting temporary advance from provident Fund to Deputy Directors will be examined.

(5) Regarding granting of NRA from PF a time limit will be fixed.

(6) Necessary steps will be taken to get the relevant provision on work load in the statutes and ordinances amended as per UGC norms.

(7) Working of the Screening Committee will be made active.

Yoursfaithfully,

Sd/-

B Leela Kumari

Under Seeretary

for Secretary to Government

Approved for Issue

Section Officer

J/4/10

Copy to :-

The Higher Education (C) Department

(Vide item No. 6)

GOVERNMENT OF KERALA

Abstract

General Provident Fund (Kerala) Rules Enhancement and Reduction in General Provident Fund Subscription - Orders Issued.

---

FINANCE (P. F.) DEPARTMENT

G. O. (P) No. 824/93/Fin. Dated, Thiruvananthapuram 15th November, 1993.

---

Read:- Letter No. FM 1/I-5/93/94 Vol. XII/90 dated, 1-7-93 from the Accountant General, Kerala, Thiruvananthapuram

## ORDER

In General Provident Fund (Kerala) Rules there is no provision for reducing the rate of Provident Fund subscription during the course of the year except at the time of drawal of salary for March, even though there is provision for enhancing the subscription once at any time during the year. This causes, much hardship to there subseribing at rates higher than the stipulated rate. In many such cases the subscribers cannot reduce thə rate of subscription to suit their compulsory recoveries etc., during the course of the year and this may discourage the subscribers from enhancing the rate whenever they can afford to do so. Government often received request for sanction for redution of subscription during the course of the year.

2. The Accountant General in his letter read above has pointed out that in General Provident Fund (Central) Rules there is provision for enhancing the subscription twice in a year and reduce it once at any time during the year and has advised Government to amend the relevant rules in General Provident Fund (Kerala) Rules accordingly.

3. Government have examined the matter in detail and are pleased to order that the General Provident Fund Subscription can be reduced once at any time during the course the year and enhanced twice during the course of the year.

4. Necessary amendments to General Provident Fund (Kerala) Rules will be issued separately.

By order of the Governor,

E. K. PRAKASH,
Additional Secretary to Government.

## രാജ്ഭവൻ മാർച്ച്

# വിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കുക

പുതിയ തലമുറയെ കൊഴയുടെ അഴുക്കുചാലിലേയ്ക്ക് വലിച്ചിടുന്ന കേരള സർക്കാരിന്റെ വിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് 'സേവ് എഡ്യൂക്കേഷൻ' സംസ്ഥാനക്കമ്മിററിയുടെ നേതൃത്വത്തിൽ സെപ്ത: 27 ന് രാജ്ഭവൻ മാർച്ച് നടത്തി.

അധ്യാപകന്റെ ജോലി പഠിപ്പിക്കൽ മാത്രമല്ല പഠിപ്പിക്കലിനെ രക്ഷിക്കുകകൂടി ആയിരിക്കുന്നുവെന്ന് മാർച്ചിൽ പങ്കെടുത്തു സംസാരിച്ച പ്രൊഫ. ഒ. എൻ. വി. പറഞ്ഞു. പൊതുജനങ്ങളുടെ ഇടയിലാകെ കോടികളുടെ കോഴയെപ്പററിയാണ് ഇന്ന് സംസാരം. വിദ്യാഭ്യാസരംഗം ഇത്രയേറെ അഴിമതിയിൽ മുങ്ങിയ കാലമുണ്ടായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. തകരുന്ന വിദ്യാഭ്യാസത്തെ രക്ഷിക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാംസ്കാരിക പ്രവർത്തകർക്കും ബാധ്യതയുണ്ടെന്ന് തുടർന്നു സംസാരിച്ച കേരള യൂണിവേഴ്സിററി മുൻ പ്രൊവൈസ് ചാൻസലർ ഡോ. എൻ. എ. കരീം അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസരംഗത്തെ തകർച്ച സാമൂഹ്യ ജീർണ്ണതയിലേയ്ക്ക് നയിക്കും. ലാഭക്കൊതിയന്മാർക്ക് ഈ രംഗം അടിയറവെയ്ക്കാൻ അനുവദിക്കരുതെന്നും ഡോ. കരീം പറഞ്ഞു.

പിന്നീട് ഗവർണറെ കണ്ട് നിവേദനം നല്കി. കെ. ബാലകൃഷ്ണൻ നമ്പ്യാർ, സി. പി. നാരായണൻ, പ്രൊഫ. എൽ. ജി. വർഗീസ്, പ്രൊഫ. കെ. സദാശിവൻ നായർ, പ്രൊഫ. ആർ. സുന്ദരേശൻ നായർ, പ്രൊഫ. പി. കെ. മാധവൻ നായർ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നല്കി.


# പ്രൊഫ. ആർ. സുന്ദരേശൻനായർക്ക്

## ആദരാഞ്ജലി

എ കെ പി സി ടി എ യുടെ സമുന്നത നേതാവും ചെമ്പഴന്തി എസ് എൻ കോളേജ് അധ്യാപകനുമായിരുന്ന പ്രൊഫ. ആർ. സുന്ദരേശൻനായർ ചേർത്തലയിലുണ്ടായ വാഹനാപകടത്തിൽ അന്തരിച്ചു. സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡൻറ്,ജോയിൻറ് സെക്രട്ടറി എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു.


പ്രൊഫ. സുന്ദരേശൻനായരുടെ സ്മരണയ്ക്കു മുമ്പിൽ എ കെ പി സി ടി എ ആദരാഞ്ജലി അർപ്പിക്കുന്നു.

edited printed and published by prof. v. narayanankutty at chempaka printers, thiruvananthapuram. cheif editor k. sukumaran nair.




സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയത്തിനെതിരെ എ.കെ.പി.സി.ടി.എ ആഹ്വാനമനുസരിച്ച് എല്ലാ കോളേജുകളിലും നടന്ന ധർണ്ണയുടെ ഭാഗമായി നാട്ടിക കോളേജിനു മുമ്പിൽ നടന്ന സമരം

## ഡോക്ടറേറ്റ്




**സി രവീന്ദ്രൻ നമ്പ്യാർ**
ഇംഗ്ലീഷ് വിഭാഗം
കൊച്ചിൻ കോളേജ്

## ഡോക്ടറേറ്റ്



**കെ. മോഹനൻ പിള്ള**
ഹിന്ദി വിഭാഗം
മാർ അത്തനേഷ്യസ്
കോതമംഗലം


## വിരമിച്ചു



**ആർ. രാമചന്ദ്രൻ നായർ**
മലയാള വിഭാഗം
കൊച്ചിൻ കോളേജ്

R. No. 36025/81

Registered No, KLTV (N) 35






**മുകളിൽ** : കാഞ്ഞിരപ്പള്ളി സെന്റ്ഡൊമനിക കോളേജ് അധ്യാപകനായിരിക്കെ അന്തരിച്ച പ്രൊഫ. തോമസ് ആന്റണിയുടെ മകന് എ.കെ.പി.സി.ടി.എ ക്ഷേമനിധിയിൽ നിന്നുള്ള സഹായ ധനം പ്രസിഡന്റ് പ്രൊഫ. എൽ.ജി. വർഗ്ഗീസ് നൽകുന്നു.

**താഴെ:** കേരള യൂണിവേഴ്സിറ്റിക്കു മുന്നിലെ ധർണ്ണ പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു.